കൊരളിയുടെ കഥ

(മൂന്നാംഭാഗം)



ഗ്രന്ഥകർത്താവ്

എൻ. കുഞ്ഞുപിള്ള എം. എ.



Approved for School Libraries — Vide D. P. I's order No L. Dis 18286/56/AI-3 dated 24-10-1956

വിദ്യോദയ പ്രസിദ്ധീകരണം

സ്റ്റാൻഡാർഡ് XI പുസ്തകം 3



കൈരളിയുടെ കഥ

(ഒന്നാംഭാഗം)



എൻ. കൃഷ്ണപിള്ള എം. എ.

ലെക്ചറർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

തിരുവനന്തപുരം.

വില 14 അണ.

KAIRALIYVDE KATHA

(History of Malayalam Literature)

PART I



N. KRISHNA PILLAY M. A.



First Impression: June 1956

Second Impression: November 1956



Publishers

VIDYODAYA PUBLICATIONS

CARMEL ROAD, VAZHUTHACAUD.

TRIVANDRUM.

Price As. 14

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

സ്റ്റാൻഡാർഡ് VI

1. വേലുത്തമ്പിദളവാ .... [വീരചരിതം]
2. മുടിയനായ പുത്രൻ .... [ലഘുനാടകം]
3. ചീത .... [സംഭാഷണഗാനം]
4. വിമാനത്തിന്റെ കഥ .... [ശാസ്ത്രം]
5. ധർമ്മരശ്മി .... [ജീവചരിത്രം]

സ്റ്റാൻഡാർഡ് VII

1. ശ്രീനാരായണഗുരു .... [ജീവചരിത്രം]
2. റേഡിയോ .... [ശാസ്ത്രം]
3. സഹപാഠികൾ .... [ഹാസ്യനാടകം]
4. [illegible] [ജീവചരിത്രസമാഹാരം]
5. [illegible] .... [ദേശീയ ചരിത്രം]

സ്റ്റാൻഡാർഡ് VIII

1. ആകാശജേതാക്കൾ .... [സഞ്ചാരപരീക്ഷണങ്ങൾ]
2. സിനിമാ .... [ശാസ്ത്രം]
3. ജ്ഞാനപ്പാന .... [ഹിതോപദേശം]
4. തിലോത്തമ (ഒന്നാംഭാഗം)
[മൗലികനോവൽ]
5. തിലോത്തമ (രണ്ടാംഭാഗം)
[മൗലികനോവൽ]

സ്റ്റാൻഡാർഡ് IX

1. ബാപ്പുജി .... [ജീവചരിത്രം]
2. ശരീരമാദ്യം .... [ശരീരശാസ്ത്രം]
3. ബിന്ദുക്കം .... [ശ്ലോകസമാഹാരം]
4. ഇൻഡ്യ മുന്നോട്ട് .... [രാജ്യചരിത്രം]
5. ഇൻഡ്യ മുന്നോട്ട് .... [രാജ്യചരിത്രം]

സ്റ്റാൻഡാർഡ് X

1. ചെങ്കോലും മരവുരിയും.... .... [നാടകം]
2. സന്യുണ്ണ്യജീവിതം .... [ജീവചരിത്രം]
3. ഭാവദർപ്പണം .... [കവിതാസമാഹാരം]
4. ഇരുളും വെളിച്ചവും (ഒന്നാംഭാഗം)
[പാശ്ചാത്യാഖ്യായികാസംഗ്രഹം]
5. ഇരുളും വെളിച്ചവും (രണ്ടാംഭാഗം)
[പാശ്ചാത്യാഖ്യായികാസംഗ്രഹം]

സ്റ്റാൻഡാർഡ് XI

1. മൗലികാവകാശങ്ങൾ .... [രാഷ്ട്രീയകാര്യം]
2. സീതാപരിത്യാഗം .... [കവിതാസംഗ്രഹം]
3. കൈരളിയുടെ കഥ—ഒന്നാംഭാഗം
4. കൈരളിയുടെ കഥ—രണ്ടാംഭാഗം } സാഹിത്യചരിത്രം]
5. കൈരളിയുടെ കഥ—മൂന്നാംഭാഗം

ഈ ഗ്രന്ഥപരമ്പരയെപ്പറ്റി

അപ്പർ പ്രൈമറി സ്കൂളിലെയും സെക്കൻഡറി സ്കൂളിലെയും വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് ഞങ്ങൾ ഈ ഗ്രന്ഥപരമ്പര തയാറാക്കിയിട്ടുള്ളത്. ഓരോ ക്ലാസ്സിലെയും മാതൃഭാഷാധ്യയനത്തിനു നിർദ്ദേശിച്ചിട്ടുള്ള പുസ്തകങ്ങളിൽ കൂടികൂടി പരിചയിക്കുന്ന പദങ്ങളെയും പ്രയോഗങ്ങളെയും ശൈലികളെയും അവരുടെ മനസ്സിൽ കൂടുതൽ ദൃഢമായി പ്രതിഷ്ഠിക്കുന്നതിനും ബഹുമുഖമായ വിജ്ഞാനം അവർക്ക് നൽകുന്നതിനും ഉപകരിക്കത്തക്കവിധം, ഈ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യങ്ങളും പ്രതിപാദന രീതിയും ക്രമപ്പെടുത്തി സംവിധാനം ചെയ്തിട്ടുണ്ട്. ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ മാനസികവും ഭാഷാവിജ്ഞാനപരവുമായ നിലവാരത്തിനൊപ്പിച്ചാണ് അതാതു ക്ലാസ്സിലേയ്ക്ക് പുസ്തകങ്ങൾ നിർമ്മിച്ചിട്ടുള്ളത്. മുൻ ക്ലാസ്സുകളിലെ പുസ്തകങ്ങളിലുള്ള പദങ്ങളും രചനാ ശൈലികളും വേണ്ടിടത്തോളം ആവർത്തിക്കുക, തുടർന്നുള്ള ക്ലാസ്സുകളിലെ ഗ്രന്ഥങ്ങളിൽ ആവർത്തിക്കുക, ഓരോ ക്ലാസ്സിലുമുള്ള വിദ്യാർത്ഥികൾക്ക് പുതിയ വാക്കുകളും നൂതന ശൈലികളും മനസ്സിലാക്കാൻ അവസരം നൽകുക, മലയാള സാഹിത്യത്തിലെ സുപ്രധാനവും മനോഹരവുമായ കവിതകളോടും അവയുടെ കർത്താക്കന്മാരോടും സമ്പർക്കം പുലർത്താൻ കുട്ടികളെ സഹായിക്കുക, ഗാനനാടകം, ഗദ്യനാടകം, ഒറ്റശ്ലോകം, ഭാഷാഗാനം, ജീവചരിത്രം, ദേശചരിത്രം, നോവൽ, സഞ്ചാരകഥ, ശാസ്ത്രം, സാമാന്യവിജ്ഞാനം, തുടങ്ങിയ വിവിധ വിഷയങ്ങളിൽ ബാലികാബാലന്മാർക്ക് കൗതുകം ഉളവാക്കുക, എന്നിവയാണ് ഈ ഗ്രന്ഥപരമ്പരയുടെ മുഖ്യലക്ഷ്യങ്ങൾ. ഇക്കാര്യത്തിൽ ഞങ്ങൾ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് നിശ്ചയിക്കേണ്ടതു് ഇന്നാട്ടിലെ അധ്യാപകസുഹൃത്തുക്കളും വിദ്യാഭ്യാസവിചക്ഷണന്മാരുമാണ്.

പ്രസാധകർ
അംശി പി. ശ്രീധരൻനായർ
എൻ. കൃഷ്ണപിള്ള
വി. ആനന്ദക്കുട്ടൻനായർ

ഈ ഗ്രന്ഥത്തെപ്പറ്റി

ഉപരിപഠനത്തിനു പോയാലും ഇല്ലെങ്കിലും, സെക്കൻഡറിവിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഒരു കേരളീയ വിദ്യാർത്ഥി മലയാളഭാഷാസാഹിത്യത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം ഗ്രഹിച്ചിരിക്കേണ്ടതാണെന്ന കരുതി, ആ ആവശ്യത്തിലേയ്ക്ക് ആവുന്നത്ര ലളിതവും സുഗ്രഹവും രസകരവുമായി രചിച്ചിട്ടുള്ള ഒരു കൃതിയാണ് 'കൈരളിയുടെ കഥ.' പ്രാധാന്യം കുറഞ്ഞ ഗ്രന്ഥങ്ങളെയും ഗ്രന്ഥകാരന്മാരെയും ഈ ദിങ്മാത്ര വിവരണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രാചീനകവിതകളുടെ കാലകർത്തൃതാങ്ങൾ തുടങ്ങിയ വിവാദവിഷയങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ട്. വിവിധകൃതികളിൽനിന്നും പല ഭാഗങ്ങൾ ദൃഷ്ടാന്തരൂപേണ ഉദ്ധരിക്കുന്ന പതിവ് ഈ ചരിത്രസംഗ്രഹത്തിൽ സ്വീകരിച്ചിട്ടില്ല. മലയാളത്തിന്റെ ക്രമാനുഗതമായ വളർച്ചയും അതിനു ഹേതുഭൂതമായ സാഹിത്യകാരന്മാരുടെ സേവനസ്വഭാവങ്ങളും ഓരോ കാലഘട്ടത്തിലെ സാമൂഹ്യസ്ഥിതിയും പ്രധാനമായി പ്രതിപാദിക്കുക എന്നതാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം.

മൂന്നു ഭാഗങ്ങൾ ഉള്ള ഈ പുസ്തകത്തിന്റെ ഒന്നാംഭാഗമാണ് ഇപ്പോൾ അവതരിപ്പിക്കുന്നത്. ആദികാലം തൊട്ട് പതിനേഴാംശതകംവരെയുള്ള മലയാളഭാഷാസാഹിത്യത്തിന്റെ ലഘുചരിത്രം ഇതിൽ അടങ്ങിയിരിക്കുന്നു.

[ALL RIGHTS RESERVED]



കൈരളിയുടെ കഥ

(ഒന്നാംഭാഗം)

1

ഓമ്മവച്ച നാൾതൊട്ട് ഇന്നുവരെ, ഒരേപൊക്കവും വണ്ണവും ആകൃതിയും പ്രകൃതിയുമാണോ നിങ്ങൾക്ക് ഉണ്ടായിരുന്നിട്ടുള്ളത്? എന്തെന്തു [1]പരിണാമങ്ങളാണ്, ചുരുങ്ങിയ കാലത്തിനകം, നിങ്ങളുടെ ശരീരത്തിനും മനസ്സിനും സംഭവിച്ചിട്ടുള്ളതെന്ന് ഒന്നു ചിന്തിച്ചുനോക്കുക. മെല്ലെ മെല്ലെ പിച്ചവച്ചു നടന്നും, അങ്ങുമിങ്ങും കാലുതെറ്റി വീണും, കാരണംകൂടാതെ കരഞ്ഞും, കരയുന്നതിനിടയ്ക്കു ചിരിച്ചും, കഴിഞ്ഞുകൂടിയ ഒരു ചെറുപൈതൽ ആയിരുന്നു നിങ്ങൾ ആദ്യം. [2]അവ്യക്തമധുരമായി അതുമിതും [3]ആലപിക്കുന്ന ആ ഘട്ടം കടന്ന്, [4]അന്തർഗതം ആരെയും പറഞ്ഞറിയിക്കാൻ വേണ്ട [5]പാടവം ഇപ്പോൾ

---

1. പരിണാമം = മാറ്റം
2. അവ്യക്തമധുരം = വ്യക്തമല്ലാതെയും ഹൃദ്യമായും
3. ആലപിക്കുക = ഉച്ചരിക്കുക
4. അന്തർഗതം = ഉള്ളിലെ വിചാരം
5. പാടവം = സാമർത്ഥ്യം

നിങ്ങൾ നേടിയിരിക്കുന്നു. പൂപോലെ മൃദുലവും സുകുമാരവും ആയിരുന്ന ശരീരത്തിനു് ബലവും ദാർഢ്യവും ഇന്നുണ്ടു്. അവയവങ്ങൾക്കു് മുഴുപ്പും കൊഴുപ്പും കൈവന്നുകഴിഞ്ഞു. [1]ഇഷ്ടാനിഷ്ടങ്ങൾ സ്പഷ്ടമായി പ്രകാശിപ്പിക്കാനും [2]കാലദേശോചിതമായി പെരുമാറാനും ഇന്നു് നിങ്ങൾക്കു ശേഷി ഉണ്ടു്. കായ്ങ്ങൾ ധരിക്കാം; ധരിക്കുന്നതു് അന്യരെ ധരിപ്പിക്കാം; അറിഞ്ഞതിനെപ്പറ്റി ചിന്തിക്കാം; തെറ്റും ശരിയും ഏറക്കുറെ കണ്ടുപിടിക്കാം. ഇങ്ങനെ വിശിഷ്ടങ്ങളായ പല [3]സിദ്ധികളും പത്തോപതിനഞ്ചോ കൊല്ലത്തിനുള്ളിലാണു് ഉണ്ടായിട്ടുള്ളതു്. [4]അനുക്രമമായി വളർന്നുവന്ന നിങ്ങൾ ഇപ്പോഴും വളർന്നുകൊണ്ടിരിക്കുകയാണു്. ഇനിയും എത്രയെത്ര മാറ്റങ്ങളാണു് ജീവിതത്തിൽ വന്നുകൂടാൻ പോകുന്നതു്!

ഈ [5]പരിവർത്തനങ്ങൾ എപ്പോൾ ഉണ്ടായി? എങ്ങനെ ഉണ്ടായി? സൂക്ഷ്മമായി പറയാൻ സാദ്ധ്യമല്ല.

---

1. ഇഷ്ടാനിഷ്ടങ്ങൾ = ഇഷ്ടമുള്ളതും ഇഷ്ടമില്ലാത്തതും (ഇഷ്ടം × അനിഷ്ടം)
2. കാലദേശോചിതം = കാലത്തിനും സ്ഥലത്തിനും ഇണങ്ങുന്ന
3. സിദ്ധികൾ = നേട്ടങ്ങൾ
4. അനുക്രമമായി = മുറ അനുസരിച്ചു്
5. പരിവർത്തനം = മാറ്റം

ഇന്നോളം നാം [1]തരണംചെയ്തിട്ടുള്ള ദശാവിശേഷങ്ങളെ പ്പറ്റി വിശദമായ ബോധം നമുക്കില്ല. പതിനഞ്ചോ പതിനാറോ വയസ്സുള്ള ഒരു കുട്ടിയുടെ [2]ഹ്രസ്വജീവിത ത്തിലെ വിവിധ ഘട്ടങ്ങൾപോലും വ്യക്തമായി മനസ്സി ലാക്കാൻ കഴിയാത്ത സ്ഥിതിക്കു്, പല നൂറ്റാണ്ടുകൾ പ്രായമുള്ള [3]കൈരളിയുടെ ജനനംമുതൽ നാളിതുവരെ യുള്ള വമ്പിച്ച പരിണാമങ്ങളെ സംബന്ധിച്ചു് സ്ഫുട മായ അറിവു ലഭിക്കാൻ എത്രമാത്രം വൈഷമ്യം ഉണ്ടു്! നമ്മുടെ പെറ്റമ്മയായ കൈരളിയുടെ അച്ഛനമ്മമാർ ആരാണു്? ആ വന്ദ്യമാതാവു് എന്നാണു് പിറന്നതു്? ബാല്യവും കൗമാരവും യൗവനവുമെല്ലാം എന്നുതൊട്ടു് എന്നുവരെ ആയിരുന്നു? ആ അവസ്ഥകളിൽ ആകാര ത്തിനും വേഷത്തിനും ഭാവത്തിനും എന്തൊക്കെ വ്യത്യാ സങ്ങൾ ഉണ്ടായി? ഈ [4]പ്രശ്നങ്ങൾക്കു് ഉത്തരം കാണാൻ എന്താണു് ഉത്തമമാർഗ്ഗം? കേരളത്തിലെ പണ്ഡിതന്മാ

---

1. തരണംചെയ്യുക = കടക്കുക
2. ഹ്രസ്വജീവിതം = ചുരുങ്ങിയകാലത്തെ ജീവിതം
3. കൈരളി = കേരളീയഭാഷാസാഹിത്യം.
4. പ്രശ്നങ്ങൾ = ചോദ്യങ്ങൾ

രായ [1]ഗവേഷകർക്കു നേരിടേണ്ടിവരുന്ന ചോദ്യങ്ങളാണു് ഇവ. ദീർഘകാലത്തെ [2]അശ്രാന്തപരിശ്രമത്തിന്റെ ഫലമായി വിലപ്പെട്ട പല വിവരങ്ങളും അവർ [3]പ്രദാനംചെയ്തിട്ടുണ്ടു്. ആ അറിവിന്റെ വെളിച്ചത്തിലൂടെ, ഇരുളഞ്ഞ പഴയ ഏടുകൾ നമുക്കു് ഒന്നുതിരഞ്ഞു നോക്കാം.

---

1. ഗവേഷകർ = അന്വേഷിക്കുന്നവർ
2. അശ്രാന്തപരിശ്രമം = വിശ്രമംകൂടാതെയുള്ള യത്നം
3. പ്രദാനംചെയ്യുക = നൽകുക

II

കേൾക്കുവിനതാ പലന്തറാങ്ങിൻ പുറകിൽനി-
ന്നൊക്കുളിരേകിപ്പൊങ്ങുമുജ്ജ്വലശബ്ദം ദിവ്യം.
"കേരളനാട്ടിൻ [1]സർവമങ്ഗളാങ്കുരമാകും
കൈരളി പിറക്കുന്നു കൈകൊൾക്കുപ്പുവിൻ നിങ്ങൾ."

പണ്ടു പണ്ടു്–കുറഞ്ഞതും ഒരു മൂവായിരം വർഷംമുമ്പു്, തെക്കേ ഇൻഡ്യ ഒട്ടുക്കുള്ള ജനങ്ങൾ ഒരേ ഭാഷയാണു് സംസാരിച്ചിരുന്നതു്. അതിവിശാലമായ ഒരു ഭൂഭാഗം മുഴുവനും സംഭാഷണത്തിനായി ഉപയോഗിച്ചിരുന്ന ആ ഭാഷയുടെ പേർ എന്തായിരുന്നു എന്നു് ഇന്നു നമുക്കു തീർച്ചപ്പെട്ടുത്താൻ വയ്യ. എന്തെങ്കിലും ഒരു പേരിട്ടുവിളിക്കണമല്ലോ എന്നു കരുതി, നമ്മുടെ പണ്ഡിതന്മാർ ആ പുരാതനഭാഷയ്ക്കു് 'ആദിദ്രാവിഡഭാഷ' എന്നും 'പഴന്തമിഴ്' എന്നും നാമം കൽപിക്കാറുണ്ടു്. നമുക്കും ആ നാമധേയംതന്നെ സ്വീകരിക്കാം. ആ പൊതുഭാഷ കൈകായ്യംചെയ്തിരുന്ന വിദൂരപ്രദേശങ്ങളിൽ, കാലക്രമേണ പലതരം ഉച്ചാരണവ്യത്യാസങ്ങളും ചുരുക്കംചില പ്രയോഗഭേദങ്ങളും ഉണ്ടായിത്തുടങ്ങി. ഒന്നോ രണ്ടോ ദിവ

---

1. സർവമങ്ഗളാങ്കുരം = എല്ലാ ശുഭത്തിന്റെയും മുള

സമോ ഏതാനും വർഷമോ കൊണ്ടല്ല, അനേകം ശത കങ്ങൾകൊണ്ടാണ് ഇത്തരം മാറ്റങ്ങൾ സംഭവിച്ചത്. ഒരു ഭാഷ സംസാരിക്കുന്ന രാജ്യത്തിലെ വിവിധദേശങ്ങ ളിൽ ഇപ്രകാരമുള്ള വ്യത്യാസങ്ങൾ ഇന്നും നമുക്ക് അനു ഭവപ്പെടാറുണ്ട്. ഇന്നത്തെ മലയാളഭാഷ മതിയാകും ഈ വസ്തുത ഉദാഹരിക്കുവാൻ. കേരളത്തിൽ എവിടെയും പ്രചരിക്കുന്ന ഭാഷയാണല്ലോ മലയാളം. പക്ഷേ വടക്കേ മലബാറിൽ നടപ്പിലിരിക്കുന്ന ഒട്ടധികം പദങ്ങൾ തിരു വനന്തപുരത്തുകാർക്ക് ഗ്രഹിക്കുവാൻ കഴിയുകയില്ല. തിരു വനന്തപുരത്ത് പ്രചാരമുള്ള വാക്കുകൾ പലതും കോഴി ക്കോട്ടുകാരന് മനസ്സിലാവുകയില്ല. രണ്ടിടത്തും പൊതു വിലുള്ള പദങ്ങൾ തന്നെയും, ഭിന്നരീതികളിൽ ഉച്ചരി ക്കപ്പെടുന്നതുകൊണ്ട്, പലപ്പോഴും [1]ആശയധാരണത്തിനു ക്ലേശം തട്ടാറുണ്ട്. 'ചോർണോ' എന്നു് വടക്കൻമല യാളി പറഞ്ഞാൽ "ചോറുവേണമോ?" എന്നാണ് വക്താ വിന്റെ [2]വിവക്ഷയെന്നു് തെക്കൻകേരളത്തിലെ ജന ങ്ങൾ ധരിച്ചെന്നു വരികയില്ല. "അപ്പി എവിടെപ്പെയ്യി" എന്നു് ദക്ഷിണദേശക്കാരൻ ചോദിക്കുകയാണെങ്കിൽ 'കുട്ടി എവിടെപ്പോയി?' എന്ന അർത്ഥം തോന്നുകയില്ല

---

1. ആശയധാരണം = അർത്ഥംഗ്രഹിക്കുക എന്നതു്

2. വിവക്ഷ = പറയാനുള്ള ഇച്ഛ.

വടക്കുള്ളവക്ക്. ഇങ്ങനെ പദങ്ങളിലും ശൈലികളിലും ഉച്ചാരണത്തിലും ഉള്ള പ്രാദേശിക വ്യത്യാസങ്ങളെ ഭാഷയുടെ 'നാട്ടുവഴക്കങ്ങൾ' എന്നു വിളിക്കാം. ഇത്തരം പല നാട്ടുവഴക്കങ്ങൾ ഉണ്ടെങ്കിലും, കേരളത്തിലെ ഭിന്നദേശങ്ങളിൽ സംസാരിക്കുന്ന ഭാഷ മലയാളം അല്ലെന്നു് നാം പറയുകയില്ലല്ലോ. ഏതാണ്ടു് ഇതുപോലെ ആയിരുന്നു പ്രാചീനകാലത്തെ പഴന്തമിഴിന്റെയും അവസ്ഥ. ദക്ഷിണഭാരതത്തിലെങ്ങും നിവസിച്ചിരുന്നവർ ആ ഭാഷതങ്ങളുടെ വ്യവഹാരത്തിനു പ്രയോജനപ്പെടുത്തിയതോടൊപ്പം, ദേശഭേദമനുസരിച്ചു് ഉച്ചാരണം, പ്രയോഗസമ്പ്രദായം തുടങ്ങിയ കാര്യങ്ങളിൽ ഭാഷയ്ക്കു് ചില ഭേദങ്ങൾ ഉണ്ടാവുകയും ചെയ്തു. കാലംചെല്ലുംതോറും, അനേകംകാരണങ്ങളാൽ, ഈ നാട്ടുവഴക്കങ്ങൾ പ്രബലമായിത്തീർന്നു. ഭാഷയുടെ ദേശീയമായ പ്രത്യേകതകൾ വർദ്ധിച്ചുവർദ്ധിച്ചു്, ഒരു ദേശത്തു പാർക്കുന്ന ജനങ്ങൾ സംസാരിച്ചുകേട്ടാൽ, [1]ഇതരദേശത്തിൽ ഉള്ളവക്ക് ആശയങ്ങൾ വ്യക്തമായും പൂർണ്ണമായും ധരിക്കാൻ സാധിക്കാതെവന്നു. ഈ വിധത്തിലുള്ള പരിവർത്തനങ്ങളുടെ ഫലമായി, ഏറെനാൾ കഴിഞ്ഞപ്പോൾ, ഓരോ ഭൂവിഭാഗത്തിലുമുള്ള ആദിദ്രാവിഡഭാഷയെ ഓരോ പുതിയ ഭാഷയായി അന്നാ

---

1. ഇതരദേശം = അന്യദേശം.

ട്ടുകാർ പരിഗണിക്കുക പതിവായി. പക്ഷേ ഈ ഭാഷകൾക്കെല്ലാം, വിപുലവും സ്ഥായിയുമായ ഒരു [1]സാമാന്യ ശബ്ദശേഖരം തറവാട്ടുമുതലായി ഉണ്ടായിരുന്നു എന്ന വസ്തുത നാം മറന്നുകൂടാ. ഇന്നു് തെക്കേ ഇൻഡ്യയിൽ സംസാരിച്ചുവരുന്ന തമിഴ്, തെലുങ്കു്, കണ്ണാടകം, മലയാളം, എന്നീ ഭാഷകളിലെ [2]ശബ്ദസമുച്ചയം പരിശോധിക്കുകയാണെങ്കിൽ ഈ പൊതുസമ്പത്തു് കണ്ടെത്താവുന്നതാണു്.

ആദിഭാഷ പല ഭാഷകളായി അറിയപ്പെടാൻ തുടങ്ങിയതു് എന്നുമുതൽക്കാണു്? ഈ ചോദ്യത്തിനു് തൃപ്തികരമായ മറുപടി പറയാൻ യാതൊരു മാർഗ്ഗവുമില്ല. പക്ഷേ മൂലഭാഷയ്ക്കു് രൂപാന്തരം വന്നുണ്ടായ പ്രാദേശികഭാഷകൾ ഏതെല്ലാമെന്നു് നമുക്കു് അറിയാം. തെക്കേ ഇൻഡ്യയുടെ വടക്കുഭാഗത്തുള്ള നാട്ടുകളിലെ പഴന്തമിഴാണു് തെലുങ്കും കണ്ണാടകവുമായി പരിണമിച്ചതു്. ആ നാട്ടുകൾക്കായി തെക്കു് കന്യാകുമാരിവരെ വ്യാപിച്ചുകിടന്ന പ്രദേശത്തിൽ ചേരം, ചോളം, പാണ്ഡ്യം എന്നു് മൂന്നുസാമ്രാജ്യങ്ങൾ നിലനിന്നിരുന്നു. ഈ സാമ്രാജ്യങ്ങ

---

1. സാമാന്യശബ്ദശേഖരം = പൊതുവിലുള്ള പദങ്ങളുടെ കൂട്ടം

2. ശബ്ദസമുച്ചയം = പദസമൂഹം

ളിലെ തമിഴിനും 1ദേശാന്തരം അനുസരിച്ച് ചില രൂപ ഭേദങ്ങളും ഉണ്ടായിരുന്നിരിക്കണം. ആധുനിക കേരളത്തി ലുള്ള സ്ഥലങ്ങളെല്ലാം അന്നത്തെ ചേരസാമ്രാജ്യത്തിലാ ണു് ഉൾപ്പെട്ടിരുന്നതു്. . മൂന്നു രാജ്യങ്ങളിലെയും ജനങ്ങ ളുടെ ഇടയിൽ സാംസ്കാരികമായ ഐക്യം പുലർന്നിരുന്ന ഒരു കാലഘട്ടം ആയിരുന്നു അതു്. അതിനാൽ അവരുടെ ഭാഷയിൽ ഏർപ്പെട്ട നാട്ടുവഴക്കങ്ങളെ ആരും സാരമായി കണക്കാക്കിയിരുന്നില്ല.

ജനങ്ങൾ സംഭാഷണത്തിനായി കൈക്കൊണ്ടിരുന്ന ഭാഷയെപ്പറ്റിയാണു് നാം ഇത്രയും പ്രസ്താവിച്ചതു്. ആ ഭാഷതന്നെ ഉപയോഗിച്ചു് സാഹിത്യകൃതികൾ കവികൾ രചിച്ചിരുന്നുവോ ? ആദി ദ്രാവിഡഭാഷയിൽ ദേശഭേദംകൊണ്ടു മാറ്റങ്ങൾ ഉണ്ടാകുന്നതിനുമുമ്പു്, ആ ഭാഷയിൽ സാഹിത്യരചന നടന്നിട്ടുണ്ടോ?. മൂലഭാഷയുടെ പരിണാമങ്ങൾ ഉണ്ടായി, പല ഭാഷകൾ നടപ്പായതിനു ശേഷം തെക്കേ ഇൻഡ്യയിൽ സാഹിത്യകൃതികൾ ഉദ്ഭ വിച്ചതു് എന്നാണു് ? ആ കൃതികൾ ഏതെല്ലാമാണു് ? ഈ വക കാര്യങ്ങളെക്കുറിച്ചാണു് ഇനി നമുക്കു് അറി യേണ്ടതു്. ഓരോന്നായി അന്വേഷിക്കാം. മൂലദ്രാവിഡ

---

1. ദേശാന്തരം = ദേശവ്യത്യാസം

ഭാഷയിൽ സാഹിത്യകൃതികൾ ഉണ്ടായിരുന്നതായി ഇന്നു വരെ നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. നാട്ടുവഴക്കങ്ങൾ ഏർപ്പെടുകയും അതിനെത്തുടർന്ന് ഒന്നിലധികം ഭാഷകൾ ജനിക്കുകയും ചെയ്തതിൽപിന്നീടും വളരെക്കാലം സാഹിത്യം ഉണ്ടായിട്ടില്ലെന്നു വേണം വിചാരിക്കുവാൻ. തെക്കേ ഇൻഡ്യയുടെ ഉത്തരഭാഗത്തു് പഴന്തമിഴ് കർണ്ണാടകവും തെലുങ്കുമായി രൂപാന്തരം പ്രാപിച്ചെങ്കിലും ആ ഭാഷകളിൽ സാഹിത്യസൃഷ്ടി നടന്നതു് എത്രയോ ശതകങ്ങൾ കഴിഞ്ഞാണു്. ചേരചോള പാണ്ഡ്യരാജ്യങ്ങളിലെ പഴന്തമിഴ് കാലക്രമംകൊണ്ടു് വ്യവസ്ഥാപിതവും പരിഷ്കൃതവും ആയിത്തീർന്നതോടുകൂടിയാണു്, തെക്കേ ഇൻഡ്യയിൽ ആദ്യമായി സാഹിത്യം പൊട്ടിമുളച്ചതു്. ഒരുപക്ഷേ സാഹിത്യനിർമ്മാണത്തിൽ ശ്രദ്ധിച്ച ആളുകൾ ആയിരിക്കണം സംഭാഷണഭാഷയെ 1 സംസ്കരിക്കുന്നതിനും വ്യവസ്ഥപ്പെടുത്തുന്നതിനും ശ്രമിച്ചു തുടങ്ങിയതു്. ഇങ്ങനെ 2 നവീകൃതവും 3 സുവ്യവസ്ഥിതവും ആയിത്തീർന്ന തമിഴിനു് 'ചെന്ത

---

1. സംസ്കരിക്കുക = പരിഷ്കരിക്കുക
2. നവീകൃതം = പുതുക്കപ്പെട്ടതു്
3. സുവ്യവസ്ഥിതം = നല്ലവണ്ണം വ്യവസ്ഥപ്പെട്ടതു്

മിഴ്'' എന്ന പേരും സിദ്ധിച്ചു. ഈ നൂതനഭാഷാ സമ്പ്രദായം സ്വീകരിച്ചു് എഴുതപ്പെട്ട കാവ്യങ്ങളെ 'ചെന്തമിഴ് കൃതികൾ' എന്നു് [1] വ്യവഹരിച്ചു വരുന്നു. ക്രി. ഡീ. ഒന്നാം നൂറ്റാണ്ടുമുതൽ എട്ടാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിൽ ചേരചോള പാണ്ഡ്യരാജ്യങ്ങളിൽ ഉദയം ചെയ്ത കവിതകളാണു് അവ. പുറനാനൂറു്, അകനാനൂറു്, പതിറ്റുപ്പത്തു്, ഐങ്കുറുനൂറു്, പത്തുപ്പാട്ടു്, പട്ടിണപ്പാലൈ, നറ്റിണൈ, ചിലപ്പതികാരം, മണിമേഖല, എന്നീ പേരുകളാൽ അറിയപ്പെടുന്ന [2] കവിതാസമാഹാരങ്ങളും കാവ്യങ്ങളുമാണു് അവയിൽ മുഖ്യങ്ങൾ. ഇന്നത്തെ കേരളത്തിന്റെ [3] പ്രാഗ്രൂപമായ അന്നത്തെ ചേരരാജ്യത്തിലാണു് ഈ കൃതികളിൽ പലതും ഉദ്ഭവിച്ചതു്. മറ്റൊരുവിധത്തിൽപറഞ്ഞാൽ, കേരളീയരുടെ വകയായി ഇന്നോളം കിട്ടിയിട്ടുള്ള സാഹിത്യകൃതികളിൽവച്ചു് [4] പ്രാചീനതമമാണു് മേൽപ്പറഞ്ഞ ഗ്രന്ഥങ്ങൾ. നമ്മുടെ നാട്ടിലെ ജീവിതരീതി,

---

1. വ്യവഹരിക്കുക = പ്രയോഗിക്കുക

2. കവിതാസമാഹാരങ്ങൾ = പല കവിതകൾ കൂട്ടിച്ചേർത്തു തയാർ ചെയ്ത ഗ്രന്ഥങ്ങൾ

3. പ്രാഗ്രൂപം = മൻ രൂപം

4. പ്രാചീനതമം = ഏറ്റവും പഴയതു്

പ്രധാനപ്പെട്ട തൊഴിലുകൾ, സാമൂഹ്യാചാരങ്ങൾ, വൈവിധ്യവും വൈചിത്ര്യവും നിറഞ്ഞ ഭൂപ്രകൃതി, മതവിശ്വാസം, സന്മാർഗ്ഗബോധം, വിനോദവിശേഷങ്ങൾ, സാമ്പത്തികസ്ഥിതി, എന്നിവയെ പ്രതിഫലിപ്പിക്കുന്ന [1]സുന്ദരദൃശ്യങ്ങളായി ഈ കൃതികൾ പരിശോഭിക്കുന്നു. മിക്കവാറും ഗാനരൂപത്തിൽ നിബന്ധിച്ചിട്ടുള്ള ഈ കാവ്യങ്ങളിൽ സാഹിത്യഭംഗിയും സംഗീതമാധുര്യവും സമ്മേളിച്ചിരിക്കുന്നു. പ്രായേണ അന്ധകാരത്തിൽ അടിഞ്ഞുകിടക്കുന്ന പുരാതനകേരളചരിത്രം ഇന്നുള്ളവർക്ക് ഗ്രഹിക്കണമെങ്കിൽ ഈ [2]അമൂല്യഗ്രന്ഥങ്ങൾ സശ്രദ്ധം പഠിച്ചേതീരൂ. പക്ഷേ നിർഭാഗ്യവശാൽ ഈ [3]വിജ്ഞാനഖനിനമുക്ക് ഏറെക്കുറെ [4]ദുഷ്പ്രാപമാണ്. ആധുനികകാലത്തു് കേരളത്തിൽനിന്നും പൂർണ്ണമായി [5]തിരോഭവിച്ചു

---

1. സുന്ദരദർപ്പണങ്ങൾ = ഭംഗിയുള്ള കണ്ണാടികൾ

2. അമൂല്യഗ്രന്ഥങ്ങൾ = വില നിർണ്ണയിക്കാൻ കഴിയാത്ത വിധത്തിലുള്ള ഗ്രന്ഥങ്ങൾ

3. വിജ്ഞാനഖനി = വിജ്ഞാനത്തിന്റെ ഉറവിടം (രത്നങ്ങളോ സ്വർണ്ണമോ അതുപോലെയുള്ള സാധനങ്ങളോ വിളയുന്നിടമാണ് ഖനി.)

4. ദുഷ്പ്രാപം = പ്രാപിക്കാൻ കഴിയാത്തത്

5. തിരോഭവിക്കുക = മറയുക

കഴിഞ്ഞ ഒരു ഭാഷാസമ്പ്രദായത്തിൽ നിർമ്മിതമായ ഈ [1] കാവ്യതല്ലജങ്ങളും നമുക്കു വായിച്ചു ഗ്രഹിക്കാനും ആസ്വദിക്കാനും സാധിക്കുകയില്ലല്ലോ. ചുരുക്കം ചില പണ്ഡിതന്മാർക്കു മാത്രമേ ആ [2]ദുർഗ്ഗമകാന്താരത്തിൽ പ്രവേശിക്കാൻ പറ്റുകയുള്ളൂ.

ഈ കൃതികളും ഉദ്ഭവിച്ചതു് എ. ഡീ. ഒന്നാം നൂറ്റാണ്ടിനുമേൽ എട്ടാംനൂറ്റാണ്ടിനകം ആയിരുന്നു എന്നു് പ്രസ്താവിച്ചല്ലോ. അവ കേരളത്തിന്റെ മാത്രമല്ല, തെക്കേ ഇൻഡ്യയുടെതന്നെ പൊതുസ്വത്താണെന്നും സൂചിപ്പിച്ചു കഴിഞ്ഞു. ഈ കാലഘട്ടത്തിൽ കേരളചരിത്രത്തെ സാരമായി സ്പർശിച്ച ഒരു സുപ്രധാനസംഭവം ഉണ്ടായി. ക്രിസ്തുവർഷാരംഭത്തിലും അതിനുമുമ്പും അല്പാല്പമായും, ഏഴാംനൂറ്റാണ്ടിലും എട്ടാംനൂറ്റാണ്ടിലും അധികമായും, [3]ഔത്തരാഹന്മാരായ ആര്യബ്രാഹ്മണർ കേരളത്തിൽ പ്രവേശിച്ചു് കുടിപാർപ്പുതുടങ്ങി. ഏഴും എട്ടും ശതകങ്ങളിൽ വമ്പിച്ച ആര്യജനപ്രവാഹങ്ങൾ കേരള

---

1. കാവ്യതല്ലജങ്ങൾ = ശ്ലേഷ്ടകാവ്യങ്ങൾ

2. ദുർഗ്ഗമകാന്താരം = സഞ്ചരിക്കാൻ വൈഷമ്യമുള്ള വനം

3. ഔത്തരാഹന്മാർ = വടക്കുള്ളവർ

ത്തിലേയ്ക്ക് ഒഴുകിവന്നു. ഈ വിദേശീയരുടെ ഭാഷ സംസ്കൃതം ആയിരുന്നു. അവക്ക് കേരളത്തിൽ പരിചയിക്കേണ്ടിവന്ന നാട്ടുകാരുടെ ഭാഷയോ, രൂപഭേദം പ്രാപിച്ചു് പുതിയ ഒരു വ്യക്തിത്വം കൈക്കൊണ്ടിരുന്ന പഴന്തമിഴും. അതിനാൽ [1]അനിവാര്യമായ ആശയപ്രകാശനത്തിനു മാർഗ്ഗമില്ലാതെ പരദേശികൾ കുഴങ്ങി. ഈ ദുർഘടസന്ധിയിൽ ആയ്ക്കുമാക്ക് ഒരു 'അവിയൽ' ഭാഷ ഉപയോഗിക്കാതെ തരമില്ലെന്നായി. അല്പപരിചയം കൊണ്ടു് കേട്ടുപഠിച്ച ചുരുക്കം ചില നാട്ടുഭാഷാപദങ്ങളും, അവയെക്കാളേറെ സ്വഭാഷയിലെ പദങ്ങളും, പറയത്തക്ക നിയമമോ നിഷ്കർഷയോ കൂടാതെ, തട്ടിക്കൂട്ടിയെടുത്തു കൈകാര്യം ചെയ്യേണ്ട ആവശ്യം അവക്കു നേരിട്ടു. ഇങ്ങ്ലീഷുകാർ ഇൻഡ്യയിൽ വന്നപ്പോൾ, ആദ്യമൊക്കെ, നമ്മുടെ ഭാഷകളിലെ വാക്കുകൾ അങ്ങുമിങ്ങും കലർത്തി ഇങ്ങ്ലീഷു പറയുന്ന ഒരു രീതി ആവശ്യംപ്രതി അവലംബിച്ചതിനു തുല്യമായിരുന്നു, ആര്യന്മാർ വികൃതമായ ഒരു [2]സങ്കരഭാഷ മെടഞ്ഞുണ്ടാക്കിയതു്. സംസ്കൃതപദങ്ങളിൽ സംസ്കൃതവിഭക്ത്യന്തങ്ങൾ യോജിപ്പിച്ചും, ചിലപ്പോൾ മലയാളപദങ്ങളിൽ

---

1. അനിവാര്യം=ഒഴിച്ചുകൂടാൻവയ്യാത്ത (തടുക്കാനാവാത്ത).

2. സങ്കരഭാഷ = കൂട്ടുഭാഷ.

പോലും സംസ്കൃതവിഭക്ത്യന്തങ്ങളും തിരുകിക്കയറ്റിയും, വന്നതു വാക്കായി സംസാരിക്കാനും എഴുതാനും അവർ സന്നദ്ധരായി. ഇങ്ങനെ ഒരു ക്രൂട്ടഭാഷ മറ്റു ദക്ഷിണദേശങ്ങളിലും അന്നു് രൂപമെടുത്തുവെങ്കിലും അതിനു് ക്രൂടതൽ വ്യാപ്തിയും പ്രാബല്യവും ലഭിച്ചതു് ചേരരാജ്യത്തിൽ ആയിരുന്നു. സാമൂഹ്യജീവിതത്തിൽ പ്രാമാണ്യവും [1]കൈകാര്യകർത്തൃത്വവും അവക്കു് അധികം നേടാൻ സാധിച്ചതു് ചേരരാജ്യത്തിൽ ആയിരുന്നതുകൊണ്ടാകാം അവർ നിമ്മിച്ച [2]മിശ്രഭാഷയ്ക്കു് അവിടെ മറ്റു നാടുകളിലെക്കാൾ പ്രതിഷ്ഠ സിദ്ധിച്ചതു്. ഏതായാലും, ഇപ്രകാരം ഉണ്ടായ വിദേശീയസംസർഗ്ഗംമൂലം, ചേരനാട്ടിലെ ഭാഷ പല പരിണാമങ്ങൾക്കും വഴങ്ങേണ്ടിവന്നു. ചോളപാണ്ഡ്യരാജ്യങ്ങളിലെ തമിഴും ചേരരാജ്യത്തിലെ തമിഴും തമ്മിൽ ക്രൂടതൽ അകന്നു. സംസ്കൃതത്തിലെ പദസമൂഹത്തോടും വ്യാകരണനിയമങ്ങളോടും കേരളത്തിലെ നാട്ടുഭാഷ നന്നേ അടുക്കുകയായി. സഹ്യപർവ്വതത്തിനു കിഴക്കുള്ള നാടുകളിൽ പാർക്കുന്നവക്കു വായിച്ചാൽ മനസ്സിലാകാത്ത ഒരു ഭാഷാരീതി

---

1. കൈകാര്യകർത്തൃത്വം = കൈകാര്യം ചെയ്യുക എന്ന അവസ്ഥ.

2. മിശ്രഭാഷ = ക്രൂട്ടഭാഷ.

യിൽ നിബന്ധിച്ചിട്ടുള്ള സാഹിത്യകൃതികൾ ഏ. ഡീ. പത്താംശതകത്തിനുശേഷം കേരളത്തിൽ ഉദ്ഭവിക്കുകയായി. ജനസാമാന്യത്തിന്റെ ഭാഷാവ്യവഹാരങ്ങളിലും സാഹിത്യനിർമ്മാണത്തിലും ഈ മാറ്റങ്ങൾ ആദ്യമാദ്യം സംഭവിച്ചതേയില്ല. ആര്യബ്രാഹ്മണരായ നമ്പൂതിരിമാരുടെ സംഭാഷണങ്ങളിലും ഗ്രന്ഥരചനയിലുമാണ് ഇത്തരം വിലക്ഷണസമ്പ്രദായം ആരംഭിച്ചത്. ക്രമേണ അവരുമായി പലവിധത്തിലും ബന്ധപ്പെട്ട ആളുകളെ ആ രീതി സ്വാധീനപ്പെടുത്തി. കേരളത്തിന്റെ സാംസ്കാരികമായ ആധിപത്യവും അതിനെത്തുടർന്ന് ഭൗതികമായ ഉയർച്ചയും നമ്പൂതിരിമാർ സമ്പാദിച്ചതോടെ, അവർ രൂപവൽക്കരിച്ച ഭാഷാവ്യവസ്ഥിതി ഏറെക്കുറെ സാധാരണജനങ്ങളുടെ [1]ആശയാവിഷ്കരണമാർഗ്ഗങ്ങളിൽപോലും പ്രതിഫലിച്ചുകാണാറായി.

ചോദ്യങ്ങൾ

1. ആദിദ്രാവിഡഭാഷ ഭിന്നഭാഷകളായി രൂപാന്തരം പ്രാപിച്ചതെങ്ങനെ?
2. ആര്യബ്രാഹ്മണരുടെ ആഗമനം കേരളഭാഷയുടെ പരിവർത്തനത്തിന് എങ്ങനെ കാരണമായി?

---

1. ആശയാവിഷ്കരണമാർഗ്ഗങ്ങൾ = ആശയത്തെ വെളിപ്പെടുത്തുന്നതിനുള്ള ഉപായങ്ങൾ

III

[1]അവികലരുചിമുത്തും [2]കാന്തിപൂരം വമിക്കും
പവിഴവുമൊരു നൂലിൽകോർത്തു മാറത്തുചാർത്തി
[3]അവിരത ബഹുലീലാലോലയായ് കാണ്മവക്ക-
ങ്ങവളു [4]മൃതസമാനം ചേർത്തു ഹൃത്തിൽ പ്രമോദം.

ഏ. ഡീ. ഏഴാംശതകം തൊട്ടുള്ള ഏതാനും നൂറാണ്ടുകളിലാണു്, [5]ആര്യവംശീയരായ നമ്പൂതിരി ബ്രാഹ്മണർ കേരളത്തിൽ പ്രബലരായിത്തീർന്നതു്. സൈന്യ[6]സജ്ജീകരണംചെയ്തു സമരം നടത്തി, അധീശത്വം സ്ഥാപിക്കുക ആയിരുന്നില്ല അവരുടെ പദ്ധതി. സാംസ്കാരികമായ നായകത്വം കൈയ്യടക്കുവാനാണു് അവർ ശ്രമിച്ചതു്. നാട്ടിലെ പ്രമാണികളായ ജനങ്ങ

---

1. അവികലരുചി = കുറവറ കാന്തിയോടുകൂടിയ
2. കാന്തിപൂരം = ശോഭാധിക്യം
3. അവിരതബഹുലീലാലോല = വിരാമമില്ലാതെയുള്ള പല കളികളിൽ തൽപര
4. അമൃതസമാനം = അമൃതിനു തുല്യം
5. ആര്യവംശീയർ = ആര്യവംശത്തിൽപെട്ടവർ
6. സജ്ജീകരണംചെയ്യുക = തയ്യാർചെയ്യുക.

ളുമായി സമ്പർക്കം പുലർത്തി, ആര്യസംസ്കാരത്തിന്റെ മാഹാത്മ്യം അവർക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുവാൻ പല പരിപാടികളും നമ്പൂരിമാർ പതുക്കെപ്പതുക്കെ ആസൂത്രണംചെയ്തു. മുമ്പുമുതൽക്കേ കേരളത്തിൽ പ്രചരിച്ചിരുന്ന ബുദ്ധമതത്തെയും ജൈനമതത്തെയും ക്ഷയിപ്പിക്കുക, ആര്യന്മാരുടെ ദേവന്മാരെയും ദേവിമാരെയും പ്രതിഷ്ഠിച്ചുകൊണ്ടുള്ള ക്ഷേത്രങ്ങൾ കഴിയുന്നിടത്തൊക്കെ നിർമ്മിക്കുക, ആ ദേവാലയങ്ങളിൽവച്ച് സംസ്കൃതപുരാണങ്ങളിലെ ആശയങ്ങളും കഥകളും പറഞ്ഞുകേൾപ്പിച്ച് ആളുകളെ ആകർഷിക്കുക, എന്നിവ ആ പരിപാടികളിലെ മുഖ്യമായ ഇനങ്ങൾ ആയിരുന്നു. നൂതനക്ഷേത്രങ്ങൾ സംസ്കൃതനാടകാഭിനയത്തിനു പറ്റിയ അരങ്ങുകളുമായി. പുരാണകഥാപ്രസംഗം നടത്തുന്നതിന് അവലംബമായി ആദ്യം സ്വീകരിച്ചത്, സംസ്കൃതത്തിലെ പ്രശസ്തകൃതികളിൽ നിന്നെടുത്ത ശ്ലോകങ്ങൾ ആയിരുന്നു. ആ ശ്ലോകങ്ങൾ ഉദ്ധരിച്ചു വ്യാഖ്യാനിക്കുകയായിരുന്നു അന്നത്തെ പതിവ്. പിന്നീട്, ഈ ആവശ്യത്തെ മുൻനിറുത്തി, പ്രബന്ധങ്ങൾ എന്ന പേരിൽ പുതിയ സംസ്കൃതകൃതികൾ പലതും രചിക്കപ്പെട്ടു. കഥാഖ്യാനത്തിനു് ഒരുക്രമീകർ നിയുക്തരായി. ഇങ്ങനെയാണ് ചാക്യാർ എന്ന ജാതിയും കൂത്ത് എന്ന ദൃശ്യകലയും ആവിർഭവിച്ചത്. സംസ്കൃതനാടകങ്ങൾ അഭിനയിക്കുന്ന

തിനും ചാക്യാന്മാർ ആയിരുന്ന [1]അധികാരികൾ. ഈ നാടകങ്ങൾ ഗ്രഹിക്കാനും രസിക്കാനും സംസ്കൃതം അറിഞ്ഞുകൂടാത്ത കേരളീയർക്കു സാധിക്കാതെ വന്നതുകൊണ്ടു്, നമ്പൂരിമാർ ഒരു പരിഷ്കാരം ഏർപ്പെടുത്തി. സംസ്കൃത നാടകങ്ങളിൽ ഹാസ്യരസം പുലർത്തുന്ന വിദൂഷകൻ എന്ന കഥാപാത്രത്തിനു് കൂടുതൽ പ്രാധാന്യം നൽകുകയും ഫലിതപ്രകടനത്തിനു കൂടുതൽ സ്ഥാനം കല്പിക്കുകയും നാട്ടുഭാഷയും സംസ്കൃതവും കൂടിക്കലർന്ന വിദൂഷകവാക്യങ്ങൾ പ്രയോഗിക്കുകയും ചെയ്തു. ഇങ്ങനെ പരിഷ്കരിക്കപ്പെട്ട നാടകങ്ങളുടെ അഭിനയത്തിനു് കൂടിയാട്ടം എന്നൊരു പേരും പ്രചാരത്തിൽവന്നു. സംസ്കൃതത്തിലെ [2]ഭരതമുനിപ്രണീതമായ 'നാട്യശാസ്ത്ര'ത്തിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങളാണു് കൂടിയാട്ടത്തിലെ അഭിനയാംശത്തിനു നിയാമകമായി അങ്ഗീകരിച്ചതു്. ക്രത്തിലെ ശ്ലോകവ്യാഖ്യാനങ്ങൾ ഒഴിച്ചുള്ള സാഹിത്യവും കൂടിയാട്ടത്തിലെ വിദൂഷകഫലിതത്തിനു പുറമേയുള്ള സാഹിത്യവും എഴുതപ്പെട്ടിരുന്നതു് തനിസ്സംസ്കൃതത്തിലാണു്. പക്ഷേ, കേരളത്തിൽ ദീർഘകാലം താമസിച്ചു്, ദേശഭാഷ കൂടുതൽ വശപ്പെടുത്തിയതിനുശേഷം, നാട്ടുഭാഷാ

---

1. അധികാരികൾ = മുമ്പതലപ്പെട്ടവർ.

2. ഭരതമുനിപ്രണീതം = ഭരതമുനിയാൽ നിർമ്മിക്കപ്പെട്ട

പദങ്ങളും സംസ്കൃതപദങ്ങളും [1]സങ്കലനം ചെയ്ത് സാ
ഹിത്യം നിർമ്മിക്കുവാൻ നമ്പൂതിരിമാർ തൽപരരായി.
ഈ സങ്കലനത്തിൽ ഒരു ഐകരൂപ്യവും ചിട്ടയും ദീക്ഷി
ച്ചിരുന്നു എന്നു പറഞ്ഞുകൂടാ. ചിലപ്പോൾ ഒരു ശ്ലോക
ത്തിലെ മുക്കാലേ അരയ്ക്കാൽ പങ്കും കട്ടത്ത സംസ്കൃത
ത്തിലും ശേഷിച്ച ഭാഗംമാത്രം നാട്ടുഭാഷയിലും ആയി
രിക്കും. മറ്റു ചിലപ്പോൾ പകുതി സംസ്കൃതശബ്ദ
ങ്ങളും പകുതി കേരളഭാഷാപദങ്ങളും ആയിരിക്കും സ്ഥി
കരിക്കുക. സംസ്കൃതപ്രത്യയങ്ങളുള്ള സംസ്കൃതപദ
ങ്ങൾ കേരളീയപദങ്ങളോട് ഒട്ടിച്ചുചേർക്കാൻ അവർ
മടിച്ചില്ല. ചുരുക്കിപ്പറഞ്ഞാൽ, ആദ്യം സംസാരിക്കാൻ
ഉണ്ടാക്കിയ അവിയൽഭാഷയെ കുറച്ചൊന്നു പരിഷ്ക
രിച്ച്, വാക്കുകളുടെ ഘടനയിൽ ഏതാണ്ടൊരു സൗന്ദര്യം
നൽകി, സാഹിത്യസൃഷ്ടിക്കു പറ്റുന്ന ഒരു ഭാഷാരൂപം
അവർ നിർമ്മിച്ചു. 'മണിപ്രവാളം' എന്ന നൂതനവും
മോഹനവുമായ [2]സംജ്ഞ ഈ ഭാഷാരീതിക്ക് കല്പിക്ക
കയും ചെയ്തു. മാണിക്യവും പവിഴവും ഇടകലർത്തിക്കോ
ർത്തുണ്ടാക്കുന്ന [3]സുന്ദരഹാരംപോലെ, മലയാളപദങ്ങളും

---

1. സങ്കലനം ചെയ്യുക = കലർത്തുക, ചേർക്കുക

2. സംജ്ഞ = പേര്

3. സുന്ദരഹാരം = മനോഹരമായ മാല

മലയാളപദങ്ങൾപോലെതന്നെ അതിപ്രസിദ്ധങ്ങളായ സംസ്കൃതപദങ്ങളും ഇണക്കിച്ചേർത്തിട്ടുള്ള ഒരു ഭാഷാവിശേഷം എന്നു് 'മണിപ്രവാള'ത്തെ പിൽക്കാലത്തു നിർവചിച്ചിട്ടുണ്ടെങ്കിലും, തുടക്കത്തിൽ ഈ ലക്ഷണങ്ങളൊന്നും കാവ്യകർത്താക്കൾ പരിപാലിച്ചിരുന്നു എന്നു തോന്നുന്നില്ല. മണിപ്രവാളത്തിൽ മലയാളപദങ്ങൾക്കായിരിക്കണം പ്രാധാന്യം കൊടുക്കേണ്ടതെന്ന വ്യവസ്ഥയും വളരെക്കാലം കഴിഞ്ഞിട്ടാണു് നടപ്പിലായതു്. മിക്കവാറും 1അവ്യവസ്ഥിതമായിരുന്ന അക്കാലത്തെ 2 ഭാഷാസംസ്കൃതയോഗം എന്നെ വിചാരിക്കാൻ വഴിയുള്ളൂ. സംസ്കൃതവൃത്തങ്ങളിലാണു് ഈ ഭാഷാരീതി അവലംബിച്ചുകൊണ്ടുള്ള കൃതികൾ 3 പ്രായേണ എഴുതാറുണ്ടായിരുന്നതു്. മുമ്പു് ഒരിടത്തു പറഞ്ഞതുപോലെ, നമ്പൂതിരിമാരും അവരോടു് ഗാഢമായി ബന്ധപ്പെട്ടിരുന്ന മേലേക്കിടയിലെ ജാതിക്കാരും ആയിരുന്ന ഈ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നവർ. ക്ഷേത്രനിർമ്മാണാദികാര്യങ്ങൾ മുഖേന നാടുവാഴികളെയും പ്രമാണി

---

1. അവ്യവസ്ഥിതം = വ്യവസ്ഥിതമല്ലാത്ത (ക്രമീകൃതമല്ലാത്ത)

2. ഭാഷാസംസ്കൃതയോഗം = മലയാളം, സംസ്കൃതം എന്നീഭാഷകളിലെ പദങ്ങളുടെ ചേർച്ച.

3. പ്രായേണ = മിക്കവാറും

കളെയും വശീകരിച്ച്, അവരിൽനിന്നും ക്ഷേത്രഭരണത്തിനായി പണവും വസ്തുവകകളും ശേഖരിച്ച്, ക്രമേണ [1]ഭൂസ്വാമികൾ ആയിത്തീർന്ന നമ്പൂതിരിമാർ, ഭൗതികമായ ഐശ്വര്യം [2]കരഗതമായപ്പോൾ, അവർ പെരുമാറിയിരുന്ന മണിപ്രവാളസാഹിത്യം [3]ലൗകിക സുഖഭോഗങ്ങളെ ക്രൂടതൽ പ്രതിഫലിപ്പിക്കാൻ തുടങ്ങി. വിവിധ ക്ഷേത്രങ്ങളിലെ ദേവീദേവന്മാരെ ഭക്തിപൂർവം വർണ്ണിക്കുന്ന സ്തോത്രങ്ങൾക്കൊപ്പം, സുന്ദരികളും വിശ്രുതകളുമായ സ്ത്രീകളെ [4]അധികരിച്ചുള്ള ശൃങ്ഗാരമയമായ കവിതകളും അവർ സൃഷ്ടിക്കുകയായി. കുറേക്കാലം കഴിഞ്ഞപ്പോൾ സ്ത്രീവർണ്ണനവും കാമാവിഷ്കരണവും നടത്തുന്ന കവിതയുടെ പര്യായമായിപ്പോലും മണിപ്രവാളം വ്യവഹരിക്കപ്പെട്ടു.

ഇങ്ങനെ വിവിധസ്വഭാവങ്ങളോടുകൂടി കേരളത്തിൽ രൂപംപ്രാപിച്ച മണിപ്രവാളകൃതികളിൽ, അവയുടെ കർത്താക്കന്മാർ തങ്ങൾക്കു ഗാഢപരിചയമുള്ള

---

1. ഭൂസ്വാമികൾ = ഭൂമിക്കു നാഥന്മാർ = ജന്മികൾ
2. കരഗതം = കൈയ്യൽ വന്നുചേർന്നു
3. ലൗകികസുഖഭോഗങ്ങൾ = ലൗകികവസ്തുക്കളിൽ നിന്നുള്ള സുഖാനുഭവങ്ങൾ
4. അധികരിച്ച് = വിഷയമാക്കി

സംസ്കൃതകാവ്യങ്ങളിലെ നിരവധി ആശയങ്ങൾ [1]ആദാനം ചെയ്തിട്ടുണ്ട്. ഹൃദ്യവും ഭാസുരവുമായ കല്പനകൾ, [2]വിചാരരമണീയമായ അലങ്കാരപ്രയോഗങ്ങൾ, കാവ്യസങ്കേതങ്ങൾ, എന്നിവ സംസ്കൃതത്തിൽനിന്നും മലയാളത്തിലേയ്ക്ക് മണിപ്രവാളകവികൾ സംക്രമിപ്പിച്ചു. പക്ഷേ [3]പ്രതിഭാശാലികളായ അവർ സംസ്കൃതസാഹിത്യത്തിൽനിന്നും കൈക്കൊണ്ട എല്ലാ സാമഗ്രികളെയും വ്യക്തിഗതമായ ഭാവനയുടെ വർണ്ണങ്ങൾ അണിയിച്ച് [4]പ്രതിനവപ്രഭങ്ങളാക്കിയിട്ടേ മലയാളത്തിൽ അവതരിപ്പിച്ചുള്ളൂ.

ഏ. ഡീ. പത്താംനൂറ്റാണ്ടുതൊട്ട് പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലാണ് മണിപ്രവാളസാഹിത്യം തഴച്ചുവളർന്നത്. സംസ്കൃതത്തിലെ സാഹിത്യപ്രസ്ഥാനങ്ങൾ കേരളഭാഷയിൽ പകർന്നുവന്നതും പുഷ്ടിപ്പെട്ടതും ഇക്കാലത്താണ്. അവയിൽ ക്ലൃപ്തൽ അ

---

1. ആദാനംചെയ്യുക = സ്വീകരിക്കുക (ആദാനം × പ്രദാനം)

2. വിചാരരമണീയം = ആലോചിക്കുമ്പോൾ ഹൃദ്യമായി തോന്നുന്നത്

3. പ്രതിഭാശാലികൾ = പ്രതിഭയുള്ളവർ (ജന്മനാതന്നെ സ്വശക്തിയുള്ളവർ)

4. പ്രതിനവപ്രഭം = എപ്പോഴും പുതിയ പ്രഭയോടുകൂടിയത്

ഭിവൃദ്ധി നേടിയതു് 'സന്ദേശകാവ്യ'വും 'ചമ്പു'വും ആയിരുന്നു. 'മേഘദൂതം' എന്ന കൃതിമുഖേന, കവീശ്വരനായ കാളിദാസൻ സംസ്കൃതത്തിൽ സമാരംഭിച്ച [1]മനോജ്ഞമായ ഒരു സാഹിത്യരൂപമാണു് 'സന്ദേശകാവ്യം'. [2]പരസ്പരപ്രേമബദ്ധരായ പുരുഷന്മാർ ഗുർവിധിവശാൽ വേർപിരിഞ്ഞു പാർക്കേണ്ടിവരിക, വിരഹദുഃഖം സഹിക്കാനാവാത്ത കാമുകൻ കാമുകിയിൽ ഏകാഗ്രമനസ്കനായിരിക്കെ, ഹൃദയഭാരം കുറയ്ക്കാൻവേണ്ടി, ഏതെങ്കിലും ഒരു വസ്തുവിനോടോ മനുഷ്യനോടോ, തന്റെ ഒരു സന്ദേശം കാമുകീസന്നിധിയിൽ എത്തിച്ചു് അവളുടെ ഉൽക്കണ്ഠയ്ക്കും മനോവേദനയ്ക്കും ശമനം വരുത്തണമെന്നു് അപേക്ഷിക്കുക, [3]സന്ദേശവാഹകനു് നായികാഭവനം വരെയുള്ള യാത്രാമാർഗ്ഗം വർണ്ണിച്ചു മനസ്സിലാക്കിക്കൊടുക്കുക—ഇതാണു് ചുരുക്കത്തിൽ ഒരു സന്ദേശകാവ്യത്തിന്റെ [4]സമ്പ്രദായം. ഈ ലക്ഷണങ്ങളോടുകൂടി മണിപ്രവാളഭാഷയിൽ ആവിർഭവിച്ച രണ്ടു കൃതികൾ

---

1. മനോജ്ഞം = ഹൃദ്യം

2. പരസ്പരപ്രേമബദ്ധർ = അന്യോന്യം പ്രേമത്താൽ കെട്ടപ്പെട്ടവർ

3. സന്ദേശവാഹകൻ = സന്ദേശം വഹിക്കുന്ന ആൾ

4. സമ്പ്രദായം = മാതിരി; രീതി

ളാണു് 'ഉണ്ണുനീലിസന്ദേശ'വും 'കോകസന്ദേശ'വും. ഇവയിൽ കോകസന്ദേശം ഇന്നു നമുക്കു കിട്ടിയിട്ടുള്ളതു് അപൂർണ്ണരൂപത്തിലാണു്. അതും ഉണ്ണുനീലിസന്ദേശവും രചിക്കപ്പെട്ടതു് പതിനാലാംനൂറ്റാണ്ടിലാണെന്നു് പണ്ഡിതന്മാർ വിശ്വസിക്കുന്നു. രണ്ടു കൃതികളുടെയും കർത്താക്കന്മാരെപ്പറ്റി നമുക്കു് ഒന്നുംതന്നെ അറിഞ്ഞുകൂടാ. ജയസിംഹനാട്ടു് എന്നുകൂടി പേരുള്ള കൊല്ലം ആയിരുന്നു 'കോകസന്ദേശ'ത്തിലെ നായികാനായകന്മാർ നിവസിച്ചിരുന്ന സ്ഥലം. നായികയുമായി നായകൻ യഥാർത്ഥത്തിൽ വേർപിരിയുന്നതായി കാവ്യത്തിൽ പ്രസ്താവിക്കുന്നില്ല. ഒരു 1വ്യോമചാരി തന്നെ അപഹരിച്ചുകൊണ്ടുപോയി തെക്കേ മലബാറിലുള്ള വെള്ളാട്ടകര എന്ന സ്ഥലത്തു നിക്ഷേപിച്ചതായും അവിടെവച്ചു് താൻ കണ്ട ഒരു ചക്രവാകപ്പക്ഷിയെ സന്ദേശഹരനാക്കി നായികാഗൃഹത്തിൽ അയച്ചതായും നായകൻ സ്വപ്നം കാണുന്നതേയുള്ളൂ. വെള്ളാട്ടകര മുതൽ കൊല്ലം വരെയുള്ള നഗരങ്ങളും ഗ്രാമങ്ങളും നദികളും ക്ഷേത്രങ്ങളും മറ്റും കവിയുടെ മനോഹരവർണ്ണനയ്ക്കു വിഷയീഭവിക്കുന്നു. അന്നത്തെ ദേശീയവും സാമൂഹ്യവുമായ അവസ്ഥാവിശേഷങ്ങൾ ഗ്രഹിക്കുന്നതിനു് ഈ വർണ്ണനകൾ വളരെ സഹായിക്കു

---

1. വ്യോമചാരി = ആകാശത്തിൽ സഞ്ചരിക്കുന്ന ആൾ

ന്നുണ്ട്. [1]ഭാഗ്യവിപര്യയംമൂലം കാമുകിയുടെ സമീപത്തു നിന്നും ഒരു യക്ഷിയാൽ [2]അപഹൃതനായ നായകൻ തിരുവനന്തപുരത്തു വന്നുചേർന്നു, വേണാട്ടുരാജ്യത്തിലെ അന്നത്തെ ഇളമുറത്തമ്പുരാനായ ആദിത്യവർമ്മയെ, നായികയായ ഉണ്ണുനീലി താമസിക്കുന്ന കടത്തുരുത്തിയിലേയ്ക്കു ഒരു സന്ദേശവും നൽകി അയയ്ക്കുന്നതായിട്ടാണു 'ഉണ്ണുനീലിസന്ദേശ'ത്തിലെ സങ്കല്പം. തിരുവനന്തപുരത്തിനും കടത്തുരുത്തിക്കും ഇടയ്ക്കുള്ള നാടുവാഴികളുടെ കൊട്ടാരങ്ങൾ, പ്രഖ്യാതദേവാലയങ്ങൾ, വിളിപ്പെട്ട അങ്ങാടികൾ, സുന്ദരികളും [3]വിലാസിനികളുമായ സ്ത്രീകൾ, വിചിത്രമോഹനമായ ഭൂപ്രകൃതി എന്നിവയാണു ഈ കാവ്യത്തിൽ [4]പ്രാധാന്യേന വർണ്ണിച്ചിട്ടുള്ളതു്. ഏതാണ്ടു് ഒരേ കാലഘട്ടത്തിൽ വിരചിതങ്ങളായ 'കോകസന്ദേശ'ത്തിലും 'ഉണ്ണുനീലിസന്ദേശ'ത്തിലും അന്നത്തെ കേരളത്തിലെ പ്രമുഖപ്രദേശങ്ങളുടെയും അവിടങ്ങളിൽ

---

1. ഭാഗ്യവിപര്യയം = നിർഭാഗ്യം

2. അപഹൃതൻ = അപഹരിക്കപ്പെട്ടവൻ

3. വിലാസിനി = വിലാസത്തോടുകൂടിയവൾ (ആളുകളെ ആകർഷിക്കത്തക്ക രൂപവും ചേഷ്ടകളും പെരുമാറ്റങ്ങളും ഉള്ള സുന്ദരി

4. പ്രാധാന്യേന = മുഖ്യമായി

നിലവിലിരുന്ന ജീവിതശൈലികളുടെയും ചിത്രപരമ്പര കം1 ആലേഖനം ചെയ്തിരിക്കുന്നതിനാൽ, ഈ കൃതികം സാഹിത്യകുതുകികളെയും ചരിത്രാന്വേഷകന്മാരെയും ഒരു പോലെ തൃപ്തിപ്പെടുത്തുന്നു.

ചമ്പു എന്ന ഇനത്തിൽപെടുന്ന ഗ്രന്ഥങ്ങളെപ്പറ്റിയാണ് ഇനി നമുക്ക് അറിയാനുള്ളതു്. പദ്യവും ഗദ്യവും ഇടകലർന്നിട്ടുള്ള ഒരു കഥാഖ്യാനസമ്പ്രദായമാണ് ചമ്പു. ഗദ്യം എന്നു പറയുമ്പോൾ ഇന്നു നാം ധരിക്കുന്ന അർത്ഥം ചമ്പൂഗദ്യത്തിനു കല്പിച്ചുകൂടാ. വൃത്തബന്ധത്തിൽനിന്നും തികച്ചും വിമുക്തമായ ആധുനികഗദ്യത്തിനും വൃത്തഭിത്തികംക്കുള്ളിൽത്തന്നെ മിക്കവാറും കഴിഞ്ഞുകൂടുന്ന ചമ്പൂഗദ്യത്തിനും തമ്മിൽ വലിയ അന്തരമുണ്ട്. പിരിമുറുക്കം നന്നേയുള്ള വൃത്തങ്ങളും ഉപേക്ഷിച്ച് ക്രുദ്ധതൽ അയവും ആക്കവും പടർപ്പുമുള്ള വൃത്തങ്ങളിൽ എഴുതുന്ന പദ്യവും, ഏതാണ്ടു 2താളനിബദ്ധമായിരിക്കെത്തന്നെ പരന്നു പായാൻ കഴിവുള്ള ഗദ്യവും ചമ്പുക്കളിൽ ഗദ്യമെന്നാണ് ഗണിക്കപ്പെടുന്നതു്. സുദ്ധവും വലിച്ചുനീട്ടാൻ പാടില്ലാത്തതുമായ വൃത്തങ്ങളിലൂടെ കഥ പറയുന്നതിനിടയിൽ പ്രത്യക്ഷപ്പെടുന്ന ഇത്തരം ഗദ്യങ്ങളും ചമ്പൂകവി

---

1. ആലേഖനം ചെയ്യുക = എഴുതുക; വരയ്ക്കുക

2. താളബദ്ധം = താളനീയമത്തിനു വിധേയമായിട്ടുള്ളതു്

തയ്യ്ൽ നൂതനമായ [1]രാമണീയകം നൽകുന്നു. സംസ്കൃത ത്തിലെ പുരാണേതിഹാസങ്ങളിൽനിന്നാണ് മിക്കപ്പോഴും ചമ്പൂകർത്താക്കൾ ഇതിവൃത്തം സമ്പാദിക്കുന്നത്. പക്ഷേ പല സന്ദർഭങ്ങളിലും ചമ്പൂകാരന്മാർ കേരളീയജീവിതത്തെ സരസവും ഫലിതസുന്ദരവുമായി ചിത്രണം ചെയ്യുന്നുണ്ട്. സംസ്കൃതകാവ്യങ്ങളിൽ പ്രയോഗിച്ചിട്ടുള്ള നിരവധി അലങ്കാരങ്ങളും ആശയങ്ങളും ചില ശ്ലോകങ്ങൾതന്നെയും മണിപ്രവാളചമ്പൂക്കളിൽ കടത്തിവിട്ടിട്ടുണ്ടെങ്കിലും അവയുടെ [2]രചയിതാക്കളിൽ അധികം പേരും [3]ഭാവനാധനികരും ശില്പവിദഗ്ധരും ആയിരുന്നു. നിറപ്പകിട്ടും [4]അലംഭാവരാഹിത്യവും ചമ്പൂക്കളിലെ വർണ്ണനകളിൽ മികച്ചു നിൽക്കുന്ന ഗുണങ്ങളാണ്. മിനുക്കവും തിളക്കവും ഉള്ള അസംഖ്യം ആഭരണങ്ങൾ മറയ്ക്കു നിരത്തിവച്ചിരിക്കുന്ന ഒരു പ്രദർശനശാലയാണ് ഏതൊരു ചമ്പുവും. സംസ്കൃതപദങ്ങളും മലയാളപദങ്ങളും തമ്മിൽ യാതൊരു ഭേദവുമില്ലാത്തമട്ടിൽ ഒരുപോലെ

---

1. രാമണീയകം = സൗന്ദര്യം

2. രചയിതാവ് = നിർമ്മിച്ച ആൾ

3. ഭാവനാധനികർ = മികച്ച ഭാവനാശക്തിയോടുകൂടിയവർ

4. അലംഭാവരാഹിത്യം = മതിയായി എന്ന തോന്നൽ ഇല്ലാതിരിക്കുന്ന അവസ്ഥ

ഖാരിയെടുത്തു് ധാരാളമായി ചിലവഴിക്കുന്ന പ്രകൃതക്കാരാണു് ചമ്പൂകാരന്മാരിൽ പലരും. അതിദീർഘമായ സംസ്കൃതസമസ്തപദങ്ങളും, സംസ്കൃതക്രിയകളും, സംസ്കൃതത്തിൽ മാത്രമുള്ള പ്രയോഗവിശേഷങ്ങളും എന്നിവ ചമ്പൂക്കളിൽ സുലഭങ്ങളാണു്. ചാക്യാർക്കൂത്തിനുവേണ്ടി പ്രബന്ധങ്ങളും എഴുതി ഉണ്ടാക്കിയതുപോലെ, കഥാപ്രസംഗത്തിനു് ഉപയോഗിക്കാനായി ചമ്പൂക്കളും നിർമ്മിച്ചതായിരിക്കണം എന്നു് ചില പണ്ഡിതന്മാർ ഊഹിക്കുന്നു.

ചമ്പൂക്കളുടെ ഏതാനും [1]സാമാന്യധർമ്മങ്ങളാണു് ഇപ്പോൾ സംക്ഷേപിച്ചു പറഞ്ഞതു്. ഈ പ്രസ്ഥാനത്തിൽപെടുന്ന കൃതികളും പതിമൂന്നാംശതകം മുതൽക്കെങ്കിലും നമ്മുടെ നാട്ടിൽ ഉണ്ടായതായി കരുതാം. ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടീചരിതം, എന്നിവയാണു് നമുക്കു ലഭിച്ചിട്ടുള്ള ചമ്പൂക്കളിൽ വച്ചു് ഏറ്റവും പഴക്കമുള്ള കൃതികൾ. ഉണ്ണിയച്ചീചരിതം 1346-നു മുമ്പാണു് എഴുതിയിട്ടുള്ളതെന്നു് നിസ്സന്ദേഹം വിശ്വസിക്കാൻ വേണ്ട തെളിവുകൾ പണ്ഡിതന്മാർ പ്രദർശിപ്പിക്കുന്നു. വടക്കൻ കോട്ടയത്തുകാരിയായ ഉണ്ണിയച്ചി എന്ന സുന്ദരിയിൽ

---

1. സാമാന്യധർമ്മങ്ങൾ = പൊതുസ്വഭാവങ്ങൾ

ഒരു ഗന്ധർവൻ അനുരക്തനായി ഭവിച്ച വൃത്താന്തമാണു് ഈ കൃതിയിലെ ഉള്ളടക്കം. തിരുച്ചിരള, തിരുനെല്ലി, തിരുമരുതൂർ, എന്നീ [1]പുണ്യക്ഷേത്രശോഭിതങ്ങളായ സ്ഥലങ്ങളെ വർണ്ണിക്കുകയും വൈദ്യം, ജ്യോത്സ്യം എന്നീ വൃത്തികളെ [2]ദുർവിനിയോഗം ചെയ്യുന്ന ഞളകളെ അവഹേളിക്കുകയും ചെയ്യുന്ന ഘട്ടങ്ങൾ ഈ ഗ്രന്ഥത്തിലെ അത്യന്തം രസകരമായ ഭാഗങ്ങളത്രേ. 'ഉണ്ണിച്ചിരുതേവീചരിത'ത്തിലെ നായികയായ ഉണ്ണിച്ചിരുതേവിയിൽ അനുരക്തനാകുന്നതു് ഗന്ധർവനല്ല; ദേവേന്ദ്രനാണു്. പൊവ്വരഗ്രാമത്തിലെ വായ്പള്ളിത്തറവാടാണു് നായികയുടെ ഭവനം. അപൂർണ്ണമായ ഈ കൃതിയിൽ അധികവും ഗദ്യമാണു്. കിട്ടിയിടത്തോളം ഗദ്യഭാഗങ്ങൾ ഏറ്റവും ഹൃദ്യമായിട്ടുണ്ടുതാനും. പൊയിലം എന്ന സ്ഥലത്തെയും നായികയായ ഉണ്ണിച്ചിരുതേവിയെയും വർണ്ണിക്കുമ്പോൾ കവി അസൂയാർഹമായ രചനാഭംഗി പ്രകടിപ്പിക്കുന്നു. പ്രാചീന മണിപ്രവാള ചമ്പുക്കളിൽ ഒട്ടും അപ്രധാനമല്ലാത്ത 'ഉണ്ണിയാടീചരിതം', കായംകുളം രാജാവായ കേരളവർമ്മയുടെയും പെരുകര കുട്ടത്തി എന്ന വിഖ്യാത നർത്തകി

---

1. പുണ്യക്ഷേത്രശോഭിതം = പാവനമായ ദേവാലയങ്ങളെക്കൊണ്ടു ശോഭിക്കുന്ന

2. ദുർവിനിയോഗം ചെയ്യുക = ചീത്തമാർഗ്ഗത്തിൽ ചിലവഴിക്കുക

യുടെയും പുത്രിയായ ഉണ്ണിയാടിയെ ആസ്പദമാക്കിയാണ് നിർമ്മിച്ചിട്ടുള്ളതു്. ഉണ്ണിയച്ചീചരിതം എഴുതിയതു് തേവൻ ചിരീകുമാൻ എന്ന കവിയാണെന്നു് ഊഹിക്കാനും ഉണ്ണിച്ചിരുതേവീചരിതത്തിന്റെ കർത്താവാരെന്നു നിശ്ചയമില്ലാതെ കുഴങ്ങാനും മാത്രമേ സാധ്യമാകൂ. പക്ഷേ 'ഉണ്ണിയാടീചരിത' നിർമ്മാതാവു് ദാമോദരച്ചാക്യാർ ആണെന്നു് [1]നിർവിശങ്കം തീരുമാനിക്കാം. ഒരു ശരൽക്കാലത്തിൽ സപ്തച്ഛന്ദസഞ്ചാരം ചെയ്തുകൊണ്ടിരുന്ന ചന്ദ്രൻ, ഭൂലോകത്തിൽനിന്നും ഉയർന്ന [2]മധുരോദാരമായ ഒരു ഗാനം കേട്ടു് ആകൃഷ്ടനായി, ഗാനകർത്താവിനെ തിരക്കി അറിയുവാൻ രണ്ടു ഗന്ധർവ്വന്മാരെ നിയോഗിക്കുകയും അവർ അഞ്ചുദിവസത്തെ അന്വേഷണത്തിനു ശേഷം തിരിച്ചുചെന്നു് തങ്ങൾക്കുണ്ടായ അനുഭവങ്ങൾ വിസ്തരിച്ചു കേൾപ്പിക്കുകയും ചെയ്ത എന്ന പീഠികയോടെയാണു് ഈ കൃതിയിലെ മുഖ്യ വിഷയമായ ഉണ്ണിയാടീവൃത്താന്തം അവതരിപ്പിക്കുന്നതു്. ഗന്ധർവന്മാർ ഭൂലോകത്തിൽ കണ്ട കേരളം, കേരളത്തിലെ ത്രിശ്ശിവപുരം മഹോദയപുരവും, കേരളവർമ്മ ഭരിക്കുന്ന ഓടനാടു്, അദ്ദേഹത്തിന്റെ കുലപുരിയായ കണ്ടിയൂർ, കണ്ടിയൂരിലെ

---

1. നിർവിശങ്കം = സംശയക്കൂടാതെ

2. മധുരോദാരം = മധുരവും ഉദാരവും (രസിപ്പിക്കുന്നതും ശ്രേഷ്ഠവും)

മറ്റം എന്ന സ്ഥലത്തുള്ള വലിയങ്ങാടി, കീത്തിപുരം, നരസിംഹമംഗലം, എന്നീ രാജധാനികളം, കേരളവമ്മയും ചെറുകര കുട്ടത്തിയും ഉണ്ണിയാടിയും, എന്നിങ്ങനെ വിവിധവിഷയങ്ങളെ 1അദ്ഭുതാനന്ദവിവശരായ ഗന്ധർവന്മാർ മുറയ്ക്കു പാടിപ്പുകഴ്ത്തുന്നു. ഉണ്ണിയാടീഭവനത്തെ സവിസ്തരം വർണ്ണിക്കുന്ന ക്രുട്ടത്തിൽ കന്യാദാനത്തിനു ധനം യാചിക്കാൻ വന്നിട്ടുള്ള നമ്പൂരിമാരെയും ശൃംഗാരശ്ലോകങ്ങളം എഴുതിക്കൂട്ടി കാലയാപനംചെയ്യുന്ന മണിപ്രവാളകവികളെയും കവി പരിഹാസപൂർവം ചിത്രീകരിക്കുന്നു. ചന്ദ്രന്റെ ഹൃദയം ഹരിച്ച മോഹനഗാനം ഉതിർത്ത ഉണ്ണിയാടിയെ 2പാദാദികേശം വർണ്ണിച്ച് അദ്ദേഹം കൃതാർത്ഥത അടയുന്നു. കാവ്യത്തിലെ ശേഷിച്ച ഭാഗം ഇനിയും കിട്ടാതെയാണിരിക്കുന്നത്. ഉണ്ണുനീലിസന്ദേശത്തിന്റെ കാലത്തിനുശേഷം, ക്രിസ്തുവർഷം 1350-ാമാണ്ടിടയ്ക്ക് ഈ ചമ്പു നിർമ്മിച്ചിരിക്കണം എന്നാണ് പണ്ഡിതമതം.

പതിനാലാംശതകത്തിൽ ഉണ്ടായ മൂന്നു ചമ്പുക്കളെപ്പറ്റിയാണ് നാം ഇവിടെ പ്രസ്താവിച്ചത്. പിന്നീ

---

1. അദ്ഭുതാനന്ദവിവശർ = ആശ്ചര്യത്തിനും സന്തോഷത്തിനും തികച്ചും അധീനരായവർ
2. പാദാദികേശം = പാദംതൊട്ട് തലമുടിവരെ (അടിതൊട്ട് മുടിവരെ' എന്ന ശൈലി നോക്കുക)

ലത്തു് മണിപ്രവാളഭാഷയിൽ എഴുതിയിട്ടുള്ള ചമ്പുക്കൾ നൂറുക്കണക്കിനുണ്ടു്. അവയെക്കുറിച്ചു് വിസ്തരിച്ചുപറയാനോ പേരുകളെങ്കിലും കുറിക്കാനോ ഈ ലഘുഗ്രന്ഥത്തിൽ സാധ്യമല്ല. ആ വിപുലമായ കാവ്യസഞ്ചയത്തിൽ [1]അഗ്ര്യപൂജ അർഹിക്കുന്ന രണ്ടു കൃതികളെ സംബന്ധിച്ചു മാത്രം ചെറുതായി വിവരിക്കുന്നതേയുള്ളൂ. പതിനഞ്ചാം ശതകത്തിന്റെ പൂർവാർദ്ധത്തിലോ ഉത്തരാർദ്ധത്തിന്റെ പ്രാരംഭത്തിലോ പുനംനമ്പൂതിരി എന്ന കവിവര്യൻ നിർമ്മിച്ച രാമായണം ചമ്പുവാണു് ആദ്യമായി സ്മരിക്കപ്പെടേണ്ടതു്. ലോകപ്രസിദ്ധമായ രാമായണംകഥയിലെ വിവിധ കാണ്ഡങ്ങളെ പല അദ്ധ്യായങ്ങളായി വിഭജിച്ചു്, ഓരോ കഥാഭാഗവും വിസ്തരിച്ചു പ്രതിപാദിക്കുന്ന ഒരു വമ്പിച്ച കാവ്യമാണു് രാമായണം ചമ്പു. സംസ്കൃതത്തിലെ പ്രൗഢകൃതികളിൽനിന്നുള്ള ആശയാനുവാദങ്ങളും മറ്റും സുലഭമായി കാണുന്നുണ്ടെങ്കിലും [2]സർവതന്ത്രസ്വതന്ത്രനായി കവികർമ്മം അനുഷ്ഠിക്കാൻ കഴിയുന്ന ഒരു സ്രഷ്ടാവിന്റെ കരവിരുതു് ആ ചമ്പുവിൽ ആദ്യന്തം പ്രകാശിക്കുന്നു. [3]പ്രഭാപൂരിതമായ

---

1. അഗ്ര്യപൂജ = മുഖ്യമായ ആരാധന
2. സർവതന്ത്രസ്വതന്ത്രൻ = എല്ലാ നിയന്ത്രണങ്ങളിൽനിന്നും മുക്തൻ
3. പ്രഭാപൂരിതം = പ്രഭയാൽ നിറയപ്പെട്ടതു്

വർണ്ണനകളുടെ ഘോഷയാത്രയിൽ പങ്കെടുക്കാനാണ് കവി നമ്മെ ക്ഷണിക്കുന്നത്. [1]നാനാരത്നഖചിതങ്ങളായ ഭൂഷണങ്ങൾ അണിഞ്ഞു്, പുനത്തിന്റെ കാവ്യലക്ഷ്മി ഉല്ലസിക്കുന്നു. കോലത്തുനാട്ടുകാരനും കോലത്തിരിരാജാവിന്റെ സദസ്യനുമായിരുന്ന പുനം 1452-ാമാണ്ടിനു ശേഷം കോഴിക്കോട്ടുസാമൂതിരിയുടെ പ്രശസ്ത സദസ്സിലെ അംഗമായിത്തീർന്നു എന്നും അദ്ദേഹത്തിന്റെ കീർത്തി [2]ഉച്ചൈസ്തരാം ഉദ്ഘോഷിക്കപ്പെട്ടിരുന്നു എന്നും വെളിപ്പെട്ടിട്ടുണ്ടു്. രാമായണം ചമ്പുവാണു് ആ [3]കവിമൂർധന്യന്റെ യശസ്സിനു ശാശ്വതസ്മാരകമായി പരിലസിക്കുന്നതു്. സുന്ദരിമാരെ പ്രശംസിക്കാനും ദേശവർണ്ണന നടത്താനും ഒരു ഉപകരണമായി പ്രാചീനകവികൾ ചമ്പുവിനെ കരുതിപ്പോന്നതിൽനിന്നും ഭിന്നമായി, ഇതിഹാസകഥാഖ്യാനത്തിനു് ആ പ്രസ്ഥാനത്തെ പയ്യാപ്തമാക്കിയ പ്രഥമ സാഹിത്യകാരൻ പുനമാണെന്നു തോന്നുന്നു. ഭാഷാചമ്പുക്കളിൽ രാമായണം ചമ്പുവിനെപ്പോലെ വിപുലവും വൈവിധ്യവൈചിത്ര്യങ്ങൾ നിറഞ്ഞതുമായ

---

1. നാനാരത്നഖചിതങ്ങൾ = പലതരം രത്നങ്ങൾ പതിച്ചിട്ടുള്ള

2. ഉച്ചൈസ്തരം = വളരെ ഉച്ചത്തിൽ

3. കവിമൂർധന്യൻ = കവികളിൽവച്ചു തലവൻ

മറെറാരു കൃതി ഇല്ലതന്നെ. സംസ്കൃതപദങ്ങളെയും മല യാളപദങ്ങളെയും ആകർഷകമായി സമ്മേളിപ്പിക്കാൻ രാമായണചമ്പുകാരനു് ഉണ്ടായിരുന്ന പാടവം അന്യാദൃ ശമാണു്. രാമായണം ചമ്പുവിലെ ഗദ്യങ്ങളും പദ്യങ്ങളും തുല്യവൈഭവത്തോടെ നിബന്ധിച്ചിരിക്കുന്നു. ശൃംഗാ രവും ഫാസ്യവും പുനത്തിന്റെ തൂലികത്തുമ്പിലൂടെ ആ വിഷ്കൃതമാകുമ്പോൾ ആ രസങ്ങൾക്കു ലഭിക്കുന്ന തെളി ച്ചം നമ്മെ അദ്ഭുതാധീനരാക്കും. രാമായണകഥ നട ക്കുന്ന സ്ഥലങ്ങൾക്കു് കേരളത്തിന്റെ ഛായ വരുത്തു മാറു് നമ്പൂരിമാരുടെ വെടിപറച്ചിലും മന്ത്രവാദികളുടെ ഭോഷ്കുകളും ഒർവൈദ്യന്മാരുടെ മുഖസ്തുതിയും ഭടന്മാ രുടെ വാഗാടോപങ്ങളും ജ്യോത്സ്യന്മാരുടെ [1]അഹങ്കാരപ്രലാ പങ്ങളും മറ്റും ആഖ്യാനത്തിനിടയിൽ കവി അവതരി പ്പിക്കുന്നു. ഇങ്ങനെ പലതുകൊണ്ടും കേരളീയസാഹിത്യ ത്തിനു് സാഭിമാനം ചൂണ്ടിക്കാണിക്കാവുന്ന ഒരു ബൃഹത് കാവ്യമാണു് രാമായണം ചമ്പു.

പതിനാറാം ശതകത്തിന്റെ മധ്യകാലത്തു ജീവി ച്ചിരുന്ന മഴമങ്ങലത്തു നാരായണൻനമ്പൂരിയാണു് നൈഷധം ചമ്പുവിന്റെ കർത്താവു്. രാജരതാവലീയം, കൊടിയവിരഹം, ബാണയുദ്ധം എന്നീ ചമ്പുക്കൾക്കുടി

---

1. അഹങ്കാരപ്രലാപം = അഹങ്കാരസൂചകമായ ഒച്ചവയ്ക്കൽ

അദ്ദേഹം എഴുതിയിട്ടുണ്ടെന്നാണ് ചിലരുടെ അഭിപ്രായം. ഏതായാലും നൈഷധമാണ് മഴമംഗലത്തിന്റെ സർവോൽകൃഷ്ടമായ ചമ്പു എന്നു് പക്ഷാന്തരംകൂടാതെ പറയാം. രാമായണം ചമ്പൂകാരനെപ്പോലെ അന്യകൃതികളെ ആശ്രയിക്കാനും പകർത്താനും മഴമംഗലം ഒരുമ്പെട്ടുന്നില്ല. പൂർവ്വഭാഗം, ഉത്തരഭാഗം, എന്ന രണ്ടു വിഭാഗങ്ങളുള്ള ഈ ഗ്രന്ഥത്തിലെ ആദിമ ഘട്ടമാണ് കവിയുടെ മനോധർമ്മത്തികവിനു സാക്ഷ്യം വഹിക്കുന്നതു്. താരതമ്യേന പരിശോധിക്കുമ്പോൾ രാമായണംചമ്പുവിനെക്കാൾ എത്രയോ മടങ്ങു് കെട്ടുറപ്പും ഏകാഗ്രതയും ദീക്ഷിച്ചിട്ടുള്ള കൃതിയാണ് നൈഷധം. രാമായണം ചമ്പുവിന്റെ വിശാലതയും വൈവിധ്യവുമെന്നപോലെ, നൈഷധത്തിന്റെ പ്രൗഢിയും ഘടനാവിലാസവും സവിശേഷമായ ആദരം സഹൃദയരിൽ ഉളവാക്കുന്നു. സംസ്കൃതത്തിലെ നൈഷധീയമഹാകാവ്യത്തോടു് ചമ്പൂകാരനു് കടപ്പാടുകൾ ഉണ്ടെങ്കിലും ശബ്ദഭംഗിയും അർത്ഥപുഷ്ടിയും [1]ഭാവസംഫുത്തിയും തികഞ്ഞ നൈഷധം ചമ്പു വായിക്കുമ്പോൾ, സ്വതന്ത്രം പ്രതിഭയോടല്ലാതെ മറെറാന്നിനോടും കവിക്കു് [2]വിധേയത്വമില്ലെന്നു് ആരും സമ്മതിച്ചുപോകും.

---

1. ഭാവസംഫുത്തി = ഭാവത്തിന്റെ (വികാരത്തിന്റെ) പ്രകാശം
2. വിധേയത്വം = അധീനത്വം, ആശ്രിതത്വം

സന്ദേശകാവ്യം, ചമ്പൂ എന്നീ പ്രസ്ഥാനങ്ങളിൽ പെടാത്ത നിരവധി ലഘുമണിപ്രവാളകാവ്യങ്ങളും പത്തും പതിനഞ്ചും നൂറോണ്ടുകൾക്കിടയ്ക്ക് ഉദയംചെയ്തിട്ടുണ്ട്. അവയിൽ ഒട്ടുമുക്കാലും സ്ത്രീപ്രശംസാരൂപത്തിൽ എഴുതിയിട്ടുള്ള പ്രേമകവിതകളാണ്. മുപ്പത്തു ശ്ലോകങ്ങളുള്ള 'ചെറിയച്ചി' എന്ന ഹ്രസ്വകാവ്യത്തിൽ, വിരഹദുഃഖം അനുഭവിക്കുന്ന കാമുകനു് ചന്ദ്രോദയവേളയിൽ നായികാസമുഖമായി ഉദ്ഭവിക്കുന്ന വിചാരവികാരങ്ങളും മധുരമോഹനമായി ആവിഷ്കരിച്ചിരിക്കുന്നു. കൗണോത്തര, ഉത്തരാചന്ദ്രിക, ഇളയച്ചി, ഇട്ടിയച്ചി, മല്ലീനിലാവു്, മാരലേഖ, മരുചേമന്തിക, കലാമാലിക, കോടി, ഉണ്ണിനങ്ങ തുടങ്ങിയുള്ള വിലാസവതികളായ നിരവധി സ്ത്രീകളെ പുരസ്കരിച്ചു് [1]അഭിലാഷപാരവശ്യം പൂണ്ട കവികൾ എഴുതിയിട്ടുള്ള പ്രേമകവനങ്ങളും ഇക്കാലത്തു് കുറച്ചൊന്നുമല്ല ഉണ്ടായതു്. [2]ഭാവബന്ധുരതയും [3]ആവർജ്ജകമായ രചനാരീതിയും [4]നീരക്ഷീരന്യായേന നിർവഹി

---

1. അഭിലാഷപാരവശ്യം = ആഗ്രഹം കൊണ്ടുണ്ടാകുന്ന പരാധീനത
2. ഭാവബന്ധുരത = ഭാവസൗന്ദര്യം
3. ആവർജ്ജകം = ആകർഷകം
4. നീരക്ഷീരന്യായേന = വെള്ളവും പാലും എപ്രകാരം കലന്നിരിക്കുമോ അപ്രകാരം

ച്ചിട്ടുള്ള ഭാഷാസംസ്കൃതയോഗവും ഈ ശൃംഗാരഗീതങ്ങളുടെ മേന്മയ്ക്കു കാരണങ്ങളാണു്. അലങ്കാരാദിസാമഗ്രികൾ സംസ്കൃതകവികളെ ആശ്രയിച്ചു സംഭരിക്കാൻ ഈ ഗീതനിർമ്മാതാക്കൾക്കു മടിയില്ലെങ്കിലും, ആ കരുക്കൾ പ്രയോഗിക്കുമ്പോൾ അവർ സൃഷ്ടിക്കുന്ന പുതുമയും ഭംഗിയും, ദീക്ഷിക്കുന്ന ഔചിത്യവും, സഹൃദയസമ്മതി നേടുകതന്നെ ചെയ്യും. പക്ഷേ ഈ കൃതികളിൽ [1]ഉദാത്തമായ പ്രേമത്തെക്കാൾ താണതരത്തിലുള്ള സംഭോഗതൃഷ്ണയ്ക്കു് പ്രാധാന്യം കൽപിച്ചിട്ടുള്ളതു് പലപ്പോഴും [2]നീരസഹേതുവായി പരിണമിക്കുന്നുണ്ടു്. പതിനൊന്നാം ശതകത്തിലോ അതിനുമുമ്പോ ഉണ്ടായ 'വൈശികതന്ത്രം' എന്ന കൃതിയിലെ ഇരുനൂറുപദ്യങ്ങളിലായി, പരമ്പരയാ വേശ്യാവൃത്തി സ്വീകരിച്ചിട്ടുള്ള ഒരു വൃദ്ധ, തന്റെ പുത്രിക്കു് കുലധർമ്മം ഉപദേശിക്കുന്നതു വിവരിച്ചിട്ടുള്ള കാര്യവും ശ്രദ്ധേയമാണു്. [3]സുഖഭോഗലോലുപമായ ഒരു സമുദായത്തിന്റെ നിഴലാട്ടമാണു് മേൽകാണിച്ച കൃതികളിലെല്ലാം പ്രത്യക്ഷപ്പെടുന്നതെന്നു തീരുമാനിക്കാൻ ശങ്കിക്കേണ്ടതില്ല. പതിനാലാം ശതകത്തിന്റെ ആരംഭ

---

1. ഉദാത്തം = ശ്രേഷ്ഠം

2. നീരസഹേതു = വെറുപ്പിനു കാരണം

3. സുഖഭോഗലോലുപം = സുഖാനുഭവത്തിൽ ആസക്തമായ

ത്തിൽ ഉണ്ടായ 'അനന്തപുരവർണ്ണനം', 'ഉണ്ണുനീലിസന്ദേശ'ത്തിനുമുമ്പു രചിച്ച 'ശ്രീകൃഷ്ണസ്തവം' അഥവാ 'ശ്രീവാസുദേവസ്തവം', 'ദശാവതാരചരിതം', 'അവതരണദശകം' തുടങ്ങിയ ചില കൃതികളും ഇതരവിഷയങ്ങളെ അധികരിച്ച് ഏഴുതിയിട്ടുണ്ടെങ്കിലും സ്ത്രീപ്രശംസാപരമായ കവിതകൾക്കായിരുന്നു അന്ന് അധികമായ പ്രചാരവും വിലയും ലഭിച്ചിരുന്നത്.

ഈ വസ്തുതയുടെ വെളിച്ചത്തിൽ നാം പരിചയിക്കേണ്ട മറെറാരു ഗ്രന്ഥമാണ് പതിനഞ്ചാം ശതകത്തിൽ [1]അജ്ഞാതനാമാവായ ഒരു കവി നിർമ്മിച്ച 'ചന്ദ്രോത്സവം'. [2]ഗണികാവൃത്തിയിൽ ഏർപ്പെട്ടിരുന്ന മേദിനീവെണ്ണിലാവ് എന്ന ഒരു സ്ത്രീ, കേരളമൊട്ടുക്കുള്ള നാടുവാഴികളെയും ഗണികകളെയും കവികളെയും ക്ഷണിച്ചുവരുത്തി, ചന്ദ്രപ്രീതിക്കുവേണ്ടി 'ചന്ദ്രോത്സവം' നടത്തുന്നതാണ് ഈ കൃതിയിലെ പ്രതിപാദ്യം. നമ്പൂരിമാരുടെ രക്ഷാധികാരത്തിൽ തഴച്ചു കൊഴുത്ത നാടുവാഴിത്തവും അതിന്റെ ഫലമായി പ്രഭവസ്ഥാനത്തിൽ വർദ്ധിച്ചുവന്ന [3]ഭോഗലാലസയും മൂലം നാട്ടിലുണ്ടായ ധാർമ്മികമായ അധഃപത

---

1. അജ്ഞാതനാമം = അറിയപ്പെടാത്ത പേരോടുകൂടിയ
2. ഗണികാവൃത്തി = വേശ്യയുടെ തൊഴിൽ
3. ഭോഗലാലസ്യം = സുഖാനുഭവത്തിലുള്ള അധികമായ ആഗ്രഹം

നത്തെ പരിഷ്കാരിച്ചെഴുതിയ ഒരു കാവ്യമാണു് 'ചന്ദ്രോത്സവ'മെന്നു് ചില പണ്ഡിതന്മാരും, അന്നത്തെ സന്മാർഗ്ഗക്ഷയത്തിന്റെ ദുഷ്ടസന്തതിയാണു് ആ കൃതി എന്നു മറ്റു ചില പണ്ഡിതന്മാരും അഭിപ്രായപ്പെട്ടുന്നു. രചനാലക്ഷ്യം എന്തുതന്നെ ആയാലും, ശബ്ദാർത്ഥങ്ങളുടെ സമുചിതസമ്മേളനത്തിൽ അതിരറ്റ നൈപുണ്യം നേടിയ ഒരു കവിയുടെ തൂലികാവിലാസം ഈ ഗ്രന്ഥത്തിൽ അടിമുടി കാണാൻ കഴിയും.

ഒരു ഗ്രന്ഥത്തെയും ഒരു ഗ്രന്ഥകാരനെയും വിസ്മരിച്ചുകൊണ്ടു് ഈ കാലഘട്ടത്തിന്റെ ചരിത്രം പൂർത്തിയാക്കാൻ സാധിക്കുകയില്ല. 'ലീലാതിലക'മാണു് ആ ഗ്രന്ഥം. ഗ്രന്ഥകാരൻ ആരെന്നു് ഇനിയും കണ്ടു പിടിച്ചിട്ടില്ല. മണിപ്രവാളം എന്ന സാഹിത്യപ്രസ്ഥാനത്തിന്റെ സ്വരൂപവും ഭാഷാരൂപത്തിന്റെ സ്വഭാവവും [1]പ്രപഞ്ചനം ചെയ്തിട്ടുള്ള അമൂല്യമായ ഒരു ശാസ്ത്രഗ്രന്ഥമാണു് 'ലീലാതിലകം'. നൂറുക്കണക്കിനു് ഉദാഹരണങ്ങൾ മണിപ്രവാളസാഹിത്യത്തിൽനിന്നും ഉദ്ധരിച്ചു ചേർത്തിട്ടുള്ള ഈ കൃതിയിൽ ഭാഷാപരവും സാഹിത്യപരവും ആയ വിവിധ പ്രശ്നങ്ങളെപ്പറ്റി വിദഗ്ദ്ധമായി ചർച്ച ചെയ്തിട്ടുണ്ടു്. ഭാഷാഗവേഷകന്മാർക്കു് 'ലീലാ

---

1. പ്രപഞ്ചനം ചെയ്യുക = വിസ്തരിച്ചു വിവരിക്കുക

തിലകം' ഒരു നിസ്തുലരത്നഖനിയാണു്. ഗ്രന്ഥരചനാ കാലത്തും അതിനുമുമ്പുമുള്ള മണിപ്രവാളകവിതയുടെ രീതി എന്തായിരുന്നു എന്നു് ഗ്രന്ഥകാരന്റെ നിരൂപണങ്ങളിൽനിന്നും [1]ഉദ്ധൃതശ്ലോകങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ടു്. കേരളഭാഷയ്ക്കു് പാണ്ഡ്യചോളഭാഷയോടും മറ്റു ദ്രാവിഡഭാഷകളോടുമുള്ള ശബ്ദനിഷ്പത്തിയും വ്യാകരണനിഷ്പത്തിയുമായിട്ടുള്ള സാദൃശ്യാദിബന്ധങ്ങളും, സംസ്കൃതവും ദ്രാവിഡഭാഷകളും തമ്മിലുള്ള മൗലികവ്യത്യാസങ്ങളും, എന്നിങ്ങനെ ഇന്നും വാഗ്പ്രതിവാദങ്ങൾക്കു് ഇടനൽകുന്ന വിഷയങ്ങളെപ്പറ്റി ഈ പ്രാചീനശാസ്ത്രഗ്രന്ഥത്തിന്റെ കർത്താവു് [2]സയുക്തികം ചിന്തിക്കുന്നു. ഉത്തമമണിപ്രവാളത്തിൽ ഭാഷാപദങ്ങളും കൂടിയിരിക്കണമെന്നും സംസ്കൃതപദങ്ങൾ കുറഞ്ഞിരിക്കണമെന്നും ലളിതമായ വിഭക്ത്യന്തസംസ്കൃതപദങ്ങൾ മാത്രമേ പ്രയോഗിക്കാൻ പാടുള്ളൂ എന്നും കേരളഭാഷയുടെ പുരോഗതിയെ ലക്ഷ്യമാക്കി വാദിച്ചു് ഒരു പുതിയ മാർഗ്ഗം ഉപദർശിക്കാൻ 'ലീലാതിലക'കാരൻ തയാറായി. അന്നത്തെ സംസ്കൃതഭാഷാഭ്രാന്തന്മാരായ മണിപ്രവാളകവികളുടെ നെറികേടിനെ നിയന്ത്രിക്കുന്നതിനാണു് ഈ നിയമങ്ങൾ കല്പി

---

1. ഉദ്ധൃതം = ഉദ്ധരിക്കപ്പെട്ട

2. സയുക്തികം = യുക്തിയോടുകൂടി

ച്ചത്. ഇപ്രകാരം [1]സർവതോമുഖമായ പ്രാധാന്യവും പ്രാമാണ്യവും ഉള്ള ഈ വിശിഷ്ടകൃതി പതിനാലാംശതകത്തിന്റെ പൂർവാർദ്ധത്തിലാണു് രചിക്കപ്പെട്ടതെന്നു് ഊഹിക്കാമെങ്കിലും അതിന്റെ കർത്താവു് ആരാണെന്നു് അറിയാൻ കഴിയാത്തതു് കേരളീയരുടെ നിർഭാഗ്യമെന്നേ പറയേണ്ടൂ.

ചോദ്യങ്ങൾ

1. മലയാളത്തിലെ സന്ദേശകാവ്യം, ചമ്പു എന്നീ പ്രസ്ഥാനങ്ങളെക്കുറിച്ചു് ഓരോ ഖണ്ഡിക എഴുതുക.

2. മണിപ്രവാളം എന്നാൽ എന്തു്?

3. ലീലാതിലകത്തിന്റെ പ്രാധാന്യത്തിനുള്ള കാരണങ്ങൾ ഏവ?

---

1. സർവതോമുഖം = എല്ലാവിധത്തിലുമുള്ള

IV

കേട്ടോ എന്തൊരു വിസ്മയം! മൂളി
പ്പാട്ടും പാടി നടന്നൊരിത്തയ്യൽ
മട്ടും രാഗവും ഭാവവുമൊത്ത
മട്ടാലും ഗാനമാലപിക്കുന്നു!.

എ. ഡീ. പത്താംശതകം മുതൽ പതിനഞ്ചാംശത കത്തിന്റെ ഒടുക്കം വരെയുള്ള കാലഘട്ടത്തിൽ, കേരള ത്തിൽ നൂതനമായി ഉണ്ടായ ഒരു സങ്കരഭാഷയുടെയും ആ ഭാഷയിൽ ഉദയം ചെയ്ത സാഹിത്യകൃതികളുടെയും കഥയാണു്, കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചതു്. സമുദായത്തിൽ നമ്പൂതിരിമാർക്കു സിദ്ധിച്ച നാനാമുഖ മായ പ്രാബല്യം ഭാഷാസാഹിത്യത്തിന്റെ പരിവർത്തന ത്തിനു് ഹേതുഭൂതമായതെങ്ങനെ എന്നും സൂചിപ്പിക്കുക യുണ്ടായി. ക്ഷേത്രസ്ഥാപനം, ദേവാലയഭരണം എന്നീ മാർഗ്ഗങ്ങളിൽക്കൂടി നമ്പൂതിരിമാർ ജന്മികളായി. ശക്ത ന്മാരായ നാടുവാഴികളെയും ഇടപ്രഭുക്കന്മാരെയും അവർ സാംസ്കാരികമായി സ്വാധീനപ്പെടുത്തി. സ്വഭാഷാ മാഹാത്മ്യം അവർ കേരളത്തിൽ വിളംബരം ചെയ്തു. മുമ്പു പറഞ്ഞ മണിപ്രവാളകൃതികൾക്കു പുറമേ വൈദ്യം, ജ്യോതിഷം, തുടങ്ങിയ വിവിധവിഷയങ്ങളെ ആധാര

മാക്കി പല ശാസ്ത്രഗ്രന്ഥങ്ങളും മിശ്രഭാഷയിൽ രചിച്ചു. അവയിൽ ഏറ്റവും പ്രാചീനമാണു് 'ആലത്തൂർ മണിപ്രവാള'വും 'താമരനല്ലൂർ ഭാഷ'യും.

ഇപ്രകാരം ഭാഷയ്ക്കും സാഹിത്യത്തിനും സാരമായ മാറ്റങ്ങൾ സംഭവിച്ചെങ്കിലും ജനസാമാന്യം ഈ പരിണാമങ്ങളിൽ ശ്രദ്ധിച്ചിരുന്നില്ല. അവരുടെ പലതരം തൊഴിലുകൾ, ആചാരങ്ങൾ, ഈശ്വരാരാധന, സാമൂഹ്യവിനോദങ്ങൾ, എന്നിവയോടു ബന്ധപ്പെട്ടതും ഗാനസൗന്ദര്യം നിറഞ്ഞതുമായ അസംഖ്യം സാഹിത്യകൃതികൾ ഇക്കാലത്തു് ഉണ്ടായിക്കൊണ്ടിരുന്നു. കൃഷിപ്പാട്ടു്, വള്ളപ്പാട്ടു്, തോറ്റംപാട്ടു്, തുമ്പിപ്പാട്ടു്, ഞാറ്റുപാട്ടു്, സപ്പ്പ്പാട്ടു് തുടങ്ങിയ അനവധി ഗാനങ്ങൾ ഭ്രരിപക്ഷം യരായ ജനങ്ങളുടെ ദൈനംദിനജീവിതവുമായി അലിഞ്ഞുചേർന്നവയാണു്. ഈ കവിതാസരണിക്കു് 'പാട്ടു്' എന്നു നാമകരണം ചെയ്യാം. സംസ്കൃതത്തിലെ വൃത്തവ്യവസ്ഥയിൽനിന്നും വ്യത്യസ്തമായി, ഈണത്തെയും താളത്തെയും അടിസ്ഥാനമാക്കി സൃഷ്ടിച്ചിട്ടുള്ള ഈ പാട്ടുകളിൽ ആദ്യകാലത്തു് നാട്ടുഭാഷയിലെ അക്ഷരങ്ങൾ മാത്രമേ പ്രയോഗിച്ചിരുന്നുള്ളൂ. നാട്ടുഭാഷാപദങ്ങൾ മാത്രമാണു് പാട്ടുകളിൽ അന്നു നിർബന്ധിച്ചിരുന്നതെന്നുവേണം കരുതാൻ. അനന്തരകാലത്തു് സംസ്കൃതത്തിന്റെ പ്രചാരം വർദ്ധിച്ചപ്പോൾ, അതിന്റെ വ്യാപ്തിയെ അവഗ

ണിക്കാൻ നിവൃത്തിയില്ലാതെ, സംസ്കൃതശബ്ദങ്ങൾ പാട്ടുകളിൽ സ്വീകരിക്കേണ്ടിവന്നെങ്കിലും മലയാളത്തിനും സംസ്കൃതത്തിനും പൊതുവിലുള്ള അക്ഷരങ്ങളോടുകൂടിയ സംസ്കൃതപദങ്ങൾ മാത്രമാണ് പാട്ടുകളിൽ ചേർത്തുകൊണ്ടിരുന്നത്. പിന്നീട് [1] ദ്രാവിഡേതരമായ സംസ്കൃതാക്ഷരങ്ങളുള്ള സംസ്കൃതപദങ്ങൾക്കു രൂപഭേദം വരുത്തി പ്രയോഗിക്കുക എന്ന നയം പാട്ടുകളുടെ കർത്താക്കന്മാർ അവലംബിച്ചതായി കാണുന്നു. 'ലക്ഷ്മണൻ' എന്ന ശബ്ദത്തിലെ 'ക്ഷ്മ' എന്ന സംസ്കൃതാക്ഷരം പരിഹരിക്കാൻ 'ഇലക്കണൻ' എന്നും 'വിഭീഷണൻ' എന്ന വാക്കിലെ ഭീ, ഷ എന്നീ അക്ഷരങ്ങൾ ഒഴിവാക്കാൻ 'വിപീഷണൻ' എന്നും മാറ്റിപ്പറഞ്ഞിട്ടുള്ളതു് പ്രസ്തുത നയത്തിനു് ഉദാഹരണങ്ങളാണു്. സംസ്കൃതത്തിന്റെ സമ്മർദ്ദം കൂടി വന്നതോടെ, സംസ്കൃതാക്ഷരങ്ങളുള്ള സംസ്കൃതപദങ്ങളെ അപ്പടി സ്വീകരിക്കാൻ പല കവികളും തയ്യാറായി. പക്ഷേ സംസ്കൃതത്തിലെ വാക്യരീതി, ക്രിയാരൂപങ്ങൾ, വ്യാകരണനിയമങ്ങൾ, നീണ്ട സമസ്തപദങ്ങൾ എന്നിവ കഴിയുന്നതും പാട്ടുകളിൽ കടക്കാതിരിക്കുവാൻ കവികൾ ശ്രദ്ധിച്ചിരുന്നു. മണിപ്രവാളകൃതികളുമായി പാട്ടുകളെ താരതമ്യം ചെയ്യുമ്പോഴാണ് ഈ വസ്തുത വെളിപ്പെടുന്നതു്.

---

1. ദ്രാവിഡേതരം = ദ്രാവിഡഭാഷകളിൽനിന്നു ഭിന്നം

സംസ്കൃതത്തിൽ നിർബന്ധമില്ലാത്തതും ദ്രാവിഡഭാഷയിൽ [1]നൈസർഗ്ഗികവുമായ ചില പ്രാസങ്ങൾ പാട്ടുകളിൽ സാർവത്രികമായി പുലർത്താൻ ആദ്യകാലത്തു് പാട്ടെഴുത്തുകാർ നിഷ്കർഷിച്ചിരുന്നു. ഈ നിഷ്കർഷയും കാലക്രമത്തിൽ നിയതമായി പരിപാലിക്കാതെ വന്നു. ഇപ്രകാരമുള്ള വ്യതിയാനങ്ങളെക്കാൾ മുഖ്യമാണു് പാട്ടുകളുടെ ഉള്ളടക്കത്തിനുണ്ടായ പരിവർത്തനം. സംസ്കൃതസാഹിത്യത്തിന്റെ അനിഷേധ്യമായ പ്രേരണമൂലം പൗരാണികകഥകൾ പാട്ടുകൾക്കു വിഷയമായി. സംസ്കൃതകാവ്യങ്ങളിലെ ആശയങ്ങളും കല്പനകളും പാട്ടുകളിൽ [2]ആവാഹിക്കപ്പെട്ടു. മണിപ്രവാളകവിതകൾക്കില്ലാത്ത ഗാനാത്മകതയും നാട്ടുഭാഷാപ്രാമുഖ്യവും പാട്ടുകൾക്കു് ഉണ്ടായിരുന്നതുകൊണ്ടു്, സാധാരണജനങ്ങളുടെ ഇടയിൽ ആര്യസംസ്കാരത്തെ പ്രചരിപ്പിക്കുവാൻ പാട്ടുകളാണു് ക്രൂതൽ പ്രയോജനപ്പെട്ടതു്.

പാട്ടു് എന്ന തനിനാടൻസാഹിത്യപ്രസ്ഥാനത്തിനു് മേൽക്കാണിച്ചവിധമുണ്ടായ വികാസത്തെ തെളിച്ചു കാട്ടുന്ന കൃതികളാണു് രാമചരിതം, നിരണം പാട്ടുകൾ, കൃഷ്ണഗാഥ എന്നിവ. ഈ പാട്ടുകളിൽ രാമ

---

1. നൈസർഗ്ഗികം = ജന്മനാ ഉള്ളതു്

2. ആവാഹിക്കപ്പെട്ടു = കൊണ്ടുവരപ്പെട്ടു

ചരിതമാണു് ഏറ്റവും പ്രാക്തനം. ശ്രീരാമൻ എന്ന കവി നിർമ്മിച്ച ഈ ഗ്രന്ഥത്തിൽ നൂറ്റിയറുപത്തിനാലു് അദ്ധ്യായങ്ങളും ആകെ ആയിരത്തിഎണ്ണൂറ്റിപ്പതിനാലു പാട്ടുകളുമുണ്ടു്. രാമായണം യുദ്ധകാണ്ഡത്തിലെ കഥാവസ്തുവാണു് ഈ ബൃഹത്തായ കൃതിയിൽ മുഖ്യമായി പ്രതിപാദിച്ചിട്ടുള്ളതു്. മറ്റു കാണ്ഡങ്ങളിലെ കഥാഭാഗങ്ങൾ പലതും സംക്ഷേപിച്ചും ചിലതു വിസ്തരിച്ചും അവതരിപ്പിച്ചിട്ടുണ്ടു്. ദ്രാവിഡേതരാക്ഷരങ്ങളുള്ള സംസ്കൃതപദങ്ങൾ ദ്രാവിഡാക്ഷരമാലയ്ക്കു് ഇണങ്ങുംവിധം രൂപാന്തരപ്പെടുത്തി പ്രയോഗിച്ചിരിക്കുന്നു. അർക്കൻ, നിശിചരാതിപതി, വിഭീഷണൻ തുടങ്ങി ഈ രൂപഭേദത്തിനു് എത്രയോ ദൃഷ്ടാന്തങ്ങൾ കാണിക്കാൻ കഴിയും. വിനായകൻ, കാനനം, കരിണി, ഉമ, ആനനം ഇത്യാദി സംസ്കൃതപദങ്ങളിൽ ദ്രാവിഡത്തിൽ ഉള്ള അക്ഷരങ്ങൾ മാത്രമുള്ളതിനാൽ യാതൊരു വ്യത്യാസവും ചെയ്തിട്ടില്ല. രാമായണം കഥയിൽനിന്നും സാരമായ ചില വ്യതിയാനങ്ങൾ രാമചരിതകർത്താവു് തന്റെ കൃതിയിൽ വരുത്തിയിട്ടുണ്ടു്. പദഘടനാപാടവവും ശബ്ദസൗന്ദര്യവുമാണു് ഈ കാവ്യത്തിന്റെ മുഖ്യഗുണങ്ങൾ. രാമചരിതത്തിന്റെ കാലം പതിമൂന്നാംനൂറ്റാണ്ടാണെന്നു് ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു.

തിരുവല്ലായ്ക്കടുത്തുള്ള നിരണം എന്ന സ്ഥലത്തു്, പതിനാലാംശതകത്തിന്റെ ഉത്തരാർദ്ധത്തിനും പതി

പഞ്ചാംശതകത്തിന്റെ പൂർവാർദ്ധത്തിനുമിടയ്ക്ക് ജീവിച്ചിരുന്ന മാധവപ്പണിക്കർ, ശങ്കരപ്പണിക്കർ, രാമപ്പണിക്കർ എന്നിവരെയാണ് നിരണംകവികൾ എന്നു വിളിച്ചു വരുന്നത്. കണ്ണശപ്പണിക്കർ എന്നു വിശ്രുതനായ കവി രാമപ്പണിക്കരാണ്. അദ്ദേഹത്തിന്റെ മാതുലന്മാരത്രേ മാധവപ്പണിക്കരും ശങ്കരപ്പണിക്കരും. ഈ മൂന്നു പേരുടെയും കൃതികൾക്ക് ചില പൊതുസ്വഭാവങ്ങളുണ്ട്. പ്രായേണ [1]സമാനരൂപങ്ങളായ വൃത്തങ്ങളാണ് മൂന്നുപേരും കൈകാര്യം ചെയ്തത്. സംസ്കൃതാക്ഷരസംയുക്തമായ പദങ്ങൾ, ദീർഘസംസ്കൃതസമാസങ്ങൾ എന്നിവ അവരുടെ കൃതികളിൽ ഒരുപോലെ കാണാം. "പുഷ്കരപത്രമനോഹരനേത്രേ പൂർണ്ണശശാങ്ക നിഭാനനരമ്യേ" എന്നെല്ലാം സംസ്കൃതമയമായ പ്രയോഗങ്ങൾ അവർ നടത്തിയിട്ടുണ്ട്. പ്രാചീനവും ഇന്ന [2]ലുപ്തപ്രചാരവുമായ മലയാളപദങ്ങൾ നിരണംകൃതികളിൽ ഉണ്ടെങ്കിലും അവയുടെ എണ്ണം രാമചരിതത്തിലെക്കാൾ കുറവാണ്. ഈ കവികൾ സംസ്കൃതത്തിൽ അസാമാന്യപാണ്ഡിത്യം നേടിയവരായിരുന്നു. പക്ഷേ [3]സംസ്കൃതാനഭിജ്ഞരായ ഭൂരിപക്ഷം ജനങ്ങളിൽ ജ്ഞാനവും ഭക്തി

---

1. സമാനരൂപങ്ങൾ = തുല്യമായ രൂപങ്ങളോടുകൂടിയവ
2. ലുപ്തപ്രചാരം = ഇല്ലാതെ ആയ പ്രചാരത്തോടുകൂടിയത്
3. സംസ്കൃതാനഭിജ്ഞർ = സംസ്കൃതം അറിഞ്ഞുകൂടാത്തവർ

യും ജനിപ്പിക്കാൻ ക്രൂതൽ സഹായിക്കുന്ന പാട്ടുകൾ എഴുതാനാണു് അവർ ഇഷ്ടപ്പെട്ടതു്.

മാധവപ്പണിക്കർ എഴുതിയ ഭഗവദ്ഗീത മലയാളത്തിനു് സാഭിമാനം സ്മരിക്കാവുന്ന ഒരു ഉൽക്കൃഷ്ടകൃതിയാണു്. മഹാഭാരതത്തിലെ തത്ത്വസാരം നിക്ഷേപിച്ചിട്ടുള്ള ഗീതയുടെ ആശയഗാംഭീര്യവും മാഹാത്മ്യവും പൂർണ്ണമായി ഗ്രഹിച്ചു്, എഴുന്നൂറു ശ്ലോകങ്ങളെ മുന്നൂറായി ഇരുപത്തിയെട്ടു ശീലുകളാക്കി സംക്ഷേപിക്കുന്ന കവി കേവലം ഒരു വിവർത്തകനാണെന്നുമാത്രം ധരിച്ചാൽ പോരാ. ഭാരതത്തിലെ പ്രാദേശികഭാഷകളിൽ ആദ്യമായി ഗീത വിവർത്തനം ചെയ്തതു് മാധവപ്പണിക്കരാണു്. [1]രചനാമർമ്മജ്ഞനെന്നപോലെതന്നെ ആദ്ധ്യാത്മിക ചിന്തകനുംക്രൂടി ആയിരുന്നതുകൊണ്ടു് ഗീതാരഹസ്യങ്ങളെ [2]സ്ഫടികസ്ഫുടമായി ആവിഷ്കരിക്കാൻ അദ്ദേഹത്തിനു കഴിവുണ്ടായി.

ശങ്കരപ്പണിക്കരുടെ കൃതി ഭാരതമാലയാണു്. ഈ ഗ്രന്ഥത്തിൽ കവി അദ്ഭുതജനകമായ [3]സംക്ഷേപണ

---

1. രചനാമർമ്മജ്ഞൻ = സൃഷ്ടിയുടെ സൂക്ഷ്മവും മഹത്വവുമായ രഹസ്യങ്ങളും അറിയാവുന്നവൻ
2. സ്ഫടികസ്ഫുടം = കണ്ണാടിപോലെ തെളിഞ്ഞ
3. സംക്ഷേപണകൗശലം = ചുരുക്കുന്നതിലുള്ള സാമർത്ഥ്യം

കൗശലത്തോടെ, ആയിരത്തിമൂന്നൂററിഅുപത്തിമൂന്ന ശീലുകളിൽ, ഭാഗവതം ദശമസ്കന്ധത്തിലെ ശ്രീകൃഷ്ണചരിതവും മഹാഭാരതകഥയും വിവരിച്ചിക്കുന്നു. രാമായണം, ഭാഗവതം, ഭാരതം, ശിവരാത്രിമാഹാത്മ്യം, എന്നീ നാലു വിശിഷ്ടഗ്രന്ഥങ്ങളുടെ നിർമ്മാണംകൊണ്ടു് [1]അനശ്വരയശസ്വിയായിത്തീർന്ന കവിവരനാണു് രാമപ്പണിക്കർ. ആഴവും പരപ്പുമേറിയ ഇതിഹാസകഥകളെ ഔചിത്യപൂർവം അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളതു് ആരുടെയും ഭക്തിബഹുമാനങ്ങളെ ആജ്ഞിക്കാൻ കഴിയുന്ന രീതിയിലാണു്. വിരസവും ത്യാജ്യവുമായ കഥാഭാഗങ്ങളെ പൂർണ്ണമായി ഉപേക്ഷിച്ചും, സൂചിപ്പിക്കേണ്ടതു സൂചിപ്പിച്ചും, വിസ്തരിക്കേണ്ടതു വിസ്തരിച്ചും, ഒരിക്കലും കാവ്യാന്തരീക്ഷത്തിനു കോട്ടമുണ്ടാക്കാതെ, രാമപ്പണിക്കർ കഥാകഥനം നടത്തുന്നു. കൈരളിയെ ആത്മവിശ്വാസവും അന്തസ്സാരവും പ്രാഗത്ഭ്യവുമുള്ള ഒരു യുവതിയാക്കി വളർത്തിയെടുത്ത മഹാനായ രക്ഷാകർത്താവായി രാമപ്പണിക്കർ എന്നും ആരാധിക്കപ്പെടും. അദ്ദേഹം ഉൾപ്പെടെയുള്ള നിരണംകവികളുടെ സാഹിത്യവ്യവസായത്തോടുകൂടി 'പാട്ടു്' എന്ന പ്രസ്ഥാനത്തിനു് കരുത്തും കഴമ്പും ബാഹ്യഭംഗിയും ഭാവഗൗരവവും കൈവന്നു. മണിപ്രവാളത്തെപ്പോലെയോ അതി

---

1. അനശ്വരയശസ്വി=നാശമില്ലാത്ത കീർത്തിയോടുകൂടിയവൻ

ലും ഉപരിയായോ മാന്യത ലഭിക്കാൻ പാട്ടിനും അർഹതയുണ്ടെന്നു് അവർ തങ്ങളുടെ കൃതികളും മുഖേന പ്രഖ്യാപിക്കുകയാണു ചെയ്തതു്.

പതിനഞ്ചാം ശതകത്തിന്റെ മധ്യകാലത്താണു് കൃഷ്ണഗാഥയുടെ ആവിർഭാവം. മലയാളത്തിലെ പ്രാചീനവും ആധുനികവുമായ മഹാകാവ്യങ്ങളുടെ കൂട്ടത്തിൽ, നിസ്തുലകാന്തിയോടെ പ്രകാശിക്കുന്ന ആ കലാസൃഷ്ടി, മാധുര്യത്തിന്റെ പര്യായമാണു്. സംസ്കൃതസാഹിത്യത്തിൽ അഗാധപണ്ഡിതനായിരുന്ന കൃഷ്ണഗാഥാകർത്താവു്. സംസ്കൃതകാവ്യങ്ങളും സംസ്കൃതപ്രധാനങ്ങളായ മണിപ്രവാള കൃതികളും രചിക്കുക എന്ന പാരമ്പര്യം വച്ചുപുലർത്തിയിരുന്ന നമ്പൂതിരിസമുദായത്തിൽപെട്ട കവിയാണു് അദ്ദേഹം. പക്ഷേ ചെറുശ്ശേരിയുടെ കൃഷ്ണഗാഥയാകട്ടെ, ഏതു പാമരനും എളുപ്പത്തിൽ മനസ്സിലാകുന്ന ലളിതസംസ്കൃതപദങ്ങൾ അങ്ങുമിങ്ങും വിതറി, മലയാളഭാഷാപദങ്ങൾക്കു് പരമാവധി പ്രാധാന്യം കല്പിച്ചു്, നിർമ്മിച്ചിട്ടുള്ള ഒരു മനോഹര മഹാകാവ്യം ആകുന്നു. വിവിധരസങ്ങൾ വ്യഞ്ജിപ്പിച്ചും, [1]രുചിരാലങ്കാരങ്ങൾ നിബന്ധിച്ചും, [2]സംഭവസങ്കുലമായ ഒരു സുദീർഘ

---

1. രുചിരാലങ്കാരങ്ങൾ = ഭംഗിയുള്ള അലങ്കാരങ്ങൾ

2. സംഭവ ാകുല = സംഭവങ്ങൾ നിറഞ്ഞ

കാവ്യം നാടോടിയായ ഭാഷയിൽ എഴുതാൻ സാധിച്ചതു് തികച്ചും വിസ്മയകരമാണു്. ഭാഗവതം ദശമസ്കന്ധത്തിലെ ശ്രീകൃഷ്ണവൃത്താന്തമാണു് കൃഷ്ണഗാഥയിലെ വിഷയം. പക്ഷേ അതുയും പറഞ്ഞു് അക്കാര്യം അവസാനിപ്പിച്ചുകൂടാ. സൗന്ദര്യം, സ്നേഹം, ഫലിതം, ആനന്ദം, എന്നിവയുടെ [1]സാക്ഷാൽക്കൃതരൂപമായ ശ്രീകൃഷ്ണന്റെ മധുരലീലകളിൽ മതിമയങ്ങി, അവയുടെ [2]വാങ്മയ ചിത്രങ്ങൾ വരച്ചു രസിച്ചു [3]കൃതകൃത്യനായ ഒരു കവിയുടെ ഹൃദയം ആ കഥയിലെങ്ങും നിഴലിക്കുന്നുണ്ടു്. ലളിതസുന്ദരങ്ങളായ പദങ്ങൾ, [4]അവക്രമായ അന്വയക്രമം, പെട്ടെന്നു മനസ്സിൽ പറ്റിപ്പിടിക്കുന്ന അർത്ഥസമൂഹം, പതിഞ്ഞിഴഞ്ഞ ഗാനരീതി, മനസ്സിനെ കുളിർപ്പിക്കുകയും തളിർപ്പിക്കുകയും ചെയ്യുന്ന കല്പനകൾ, വിശ്വവിമോഹനമായ കഥാവസ്തു എന്നിവയാണു്,

---

1. സാക്ഷാൽക്കൃതരൂപം = സാക്ഷാൽക്കരിക്കപ്പെട്ട രൂപം (കൺമുമ്പിൽ അവതരിപ്പിക്കപ്പെട്ട രൂപം)

2. വാങ്മയചിത്രം = വാക്കുകൾകൊണ്ടു വരയ്ക്കപ്പെട്ട ചിത്രം

3. കൃതകൃത്യൻ = ചെയ്യേണ്ടതു ചെയ്തുകഴിഞ്ഞവൻ

4. അവക്രം = വളവില്ലാത്തതു് (നേരേ ഉള്ളതു്)

കൂടിൽതൊട്ട് കൊട്ടാരംവരെ, കൃഷ്ണഗാഥയ്ക്ക് പ്രചാരം നേടിക്കൊടുത്തതു്.

വേറൊരു നമ്പൂതിരിക്കവിയെക്കൂടി നാം ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതുണ്ടു്. ഭക്തശ്രേഷ്ഠനും ഭാഷാപ്രേമിയുമായ പൂന്താനം നമ്പൂതിരിയുടെ ജ്ഞാനപ്പാനയിലെ നാലുവരിയെങ്കിലും കേട്ടിട്ടില്ലാത്തവർ കേരളത്തിൽ ചുരുങ്ങും. ജ്ഞാനപ്പാനയ്ക്കു പുറമേ ഭാഷാകർണ്ണാമൃതം, കുമാരഹരണം പാന, ഹൃദയംഗമമായ വിവിധ സ്തോത്രങ്ങൾ എന്നിവ അദ്ദേഹം രചിച്ചിട്ടുണ്ടു്. സന്താനഭാഗ്യം ലഭിക്കാത്ത കവിയുടെ 1ശോകാർദ്രഹൃദയത്തിലെ അനുഭൂതികളാണു്, പുത്രദുഃഖംമൂലം നീറിപ്പൊരിയുന്ന ഒരു പിതാവിനെ വിഷയമാക്കി കുമാരഹരണം പാന എഴുത്തുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. ഉള്ളിൽ കലങ്ങി മറിഞ്ഞ വേദനയെ കൃഷ്ണഭക്തികൊണ്ടു 2വിമലീകരിച്ചു് തെളിഞ്ഞ തത്ത്വബോധം നേടിയ ഒരു 3പരിണതപ്രജ്ഞന്റെ 4ലോകാവലോകനമാണു്.

---

1. ശോകാർദ്രം = ശോകംകൊണ്ടു് നനവുള്ളതു്

2. വിമലീകരിക്കുക = പരിശുദ്ധമാക്കുക

3. പരിണതപ്രജ്ഞൻ = പക്വമായ ബുദ്ധിയുള്ളവൻ

4. ലോകാവലോകനം = ലോകനിരീക്ഷണം

"ജ്ഞാനപ്പാന." "കണ്ണനാമുണ്ണിയെക്കാണുമാറാകണം" എന്നാരംഭിക്കുന്ന കീർത്തനം നൂറാണ്ടുകളായി ഭക്തലക്ഷങ്ങളെ കോരിത്തരിപ്പിച്ചിട്ടുണ്ട്. മേല്പുത്തൂർ നാരായണഭട്ടതിരിയുടെ പാണ്ഡിത്യഗർവത്തെയും മലയാളഭാഷയോടുള്ള പുച്ഛത്തെയും ശിക്ഷിച്ചു, പരമഭക്തനും ഭാഷാഭിമാനിയുമായ പൂന്താനത്തെ ശ്രീകൃഷ്ണൻ അനുഗ്രഹിച്ചു എന്ന കഥ നിങ്ങൾ കേട്ടിരിക്കുമല്ലോ.

ചോദ്യം

1. ചെറുശ്ശേരിക്കവിതയുടെ പ്രത്യേകതകൾ എന്തെല്ലാം ?

V

"വെട്ടത്തു നാട്ടിൻ നിത്യ സൗഭാഗ്യസൽസിന്ദൂര
പ്പൊട്ടുപോലെഴും തുഞ്ചൻപറമ്പേ! നമസ്കാരം!
കളഗാനത്തോടൊരു തത്തപ്പെണ്മണി തത്തി
ക്കളിച്ചു തളിർച്ചെടിപ്പടപ്പേ! നമസ്കാരം!
ചേണൊക്കും പുത്തുമലയാണ്മതൻ മഹേശ്വരൻ
വാണരുളിയ പുണ്യക്ഷേത്രമേ! നമസ്കാരം!"

—വള്ളത്തോൾ.

പത്താംശതകം മുതൽ പതിനഞ്ചാംശതകം വരെയുള്ള മലയാളസാഹിത്യത്തിൽ രണ്ടു [1]മുഖ്യധാരകളാണ് നാം കണ്ടതു്. ഒന്നാമതായി, സംസ്കൃതപദങ്ങളും അധികമായും മലയാളപദങ്ങളും അല്പമായും ക്രട്ടിച്ചേർത്തുണ്ടാക്കിയ മണിപ്രവാളഭാഷയിലെ കൃതികളും. അവയിൽ സംസ്കൃതവിഭക്ത്യന്തങ്ങളോടുകൂടിയ സംസ്കൃതപദങ്ങളാണു് മുന്തിനിൽക്കുന്നതു്. സംസ്കൃതവൃത്തങ്ങൾക്കാണു് പ്രാബല്യം ഉള്ളതും. സാഹിത്യരൂപങ്ങളും മിക്കവാറും സംസ്കൃതത്തിൽ ഉള്ളവതന്നെ. കവികളോ, സമുദായത്തിന്റെ [2]ഉന്നതശ്രേണിയിൽ വർത്തിച്ചിരുന്ന

---

1. മുഖ്യധാരകൾ = മുഖ്യമായ പ്രവാഹങ്ങൾ
2. ഉന്നതശ്രേണി = ഉയർന്നവരി (ഉയർന്ന വിഭാഗം)

പണ്ഡിതന്മാരും. ഇതരഭാഷയിൽപ്പെട്ട കൃതികളാകട്ടെ, സംസ്കൃതവിഭക്ത്യന്തപദങ്ങളും നന്നേ കുറച്ചും മലയാള പദങ്ങളും ക്രിയയും, പക്ഷേ സംസ്കൃതസാഹിത്യത്തിലെ കഥാവസ്തുക്കളും ഏറെക്കുറെ സ്വീകരിച്ചും, വിപുലമായ ജനസാമാന്യത്തിനു ഗ്രഹിക്കാൻ കഴിയുന്നവിധത്തിൽ, ദ്രാവിഡവൃത്തങ്ങളിൽ രചിക്കപ്പെട്ട പാട്ടുകളാണു്. ഏറെറ ക്കുറച്ചിലുകളോടുകൂടിയാണെങ്കിലും സംസ്കൃതസാഹിത്യ ത്തിന്റെ പ്രേരണാശക്തി, പ്രത്യക്ഷമായോ പരോക്ഷമാ യോ, രണ്ടു [1]സരണികളിലും കാണാൻ കഴിഞ്ഞിരുന്നു. ഇതോടൊപ്പം, മലയാളത്തിനു് അന്യദ്രാവിഡഭാഷ കളുമായുള്ള വ്യത്യാസം വളരെ വർദ്ധിക്കുകയും ചെയ്തു. ഈ ഘട്ടത്തിലാണു് മലയാളഭാഷാസാഹിത്യത്തിൽ [2]നവ്യ ശോഭനമായ ഒരദ്ധ്യായം കുറിച്ചുകൊണ്ടു്, പതിനാറാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ, തുഞ്ചത്തെഴുത്തച്ഛൻ അവതരിക്കുന്നതു്.

എഴുത്തച്ഛൻ കണ്ട കേരളത്തിലെ അവസ്ഥ എന്താ യിരുന്നു? അവിടവിടെ കൊടികുത്തിവാണിരുന്ന നാടുവാ ഴികൾ തമ്മിലുള്ള കിടമത്സരം, ഒട്ടനേകം പ്രഭുക്കന്മാരുടെ സേച്ഛാപ്രമത്തത, ഇരുക്കൂട്ടരോടും സുദൃഢബന്ധം സ്ഥാ

---

1. സരണി = മാർഗ്ഗം

2. നവ്യശോഭനം = പുതിയതും ശോഭയുള്ളതും

പിച്ചു്, അവരെ നിയന്ത്രിക്കാൻ വേണ്ട സ്വാധീനശക്തി സമ്പാദിച്ചിരുന്ന ബ്രാഹ്മണരുടെ ആധിപത്യം, രാജ്യത്തിലെ അനൈക്യത്തെയും ശൈഥില്യത്തെയും ചൂഷണംചെയ്തു് ധനം ആഇ്ജിക്കാനും സ്വമതം പ്രചരിപ്പിക്കാനും വട്ടംകൂട്ടിയിരുന്ന വിദേശീയശക്തിയായ പോർട്ടുഗീസുകാരുടെ വിക്രിയകൾ, എന്നിവയാണു് അന്നത്തെ കേരളത്തിൽ പ്രത്യക്ഷമായിരുന്നതു്. മലബാറിലെ പൊന്നാനിത്താലൂക്കിൽ ജനിച്ചുവളർന്നു്, തെക്കേ ഇൻഡ്യയിലെ പല ഭാഗങ്ങളിലും സഞ്ചരിച്ചു നാട്ടിലെത്തി, അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചു് എഴുത്തച്ഛൻ ചുറ്റിലും നോക്കിയപ്പോൾ കണ്ടതു് മേല്പറഞ്ഞ അവസ്ഥകളാണു്. ഭൗതികലക്ഷ്യങ്ങൾ പ്രാപിക്കാനായി പരസ്പരം കലഹിച്ചു നശിക്കാനൊരുങ്ങുന്ന പ്രഭുക്കന്മാരെയും അവരുടെ അസാന്മാർഗ്ഗികജീവിതത്തെയും അതിരറ്റ സുഖഭോഗാസക്തിയെയും പരിഹരിച്ചു്, അവരുടെ ഹൃദയങ്ങളിൽ ഉദാത്തവികാരങ്ങൾ ജ്വലിപ്പിക്കാൻ കഴിയുമോ എന്നായി എഴുത്തച്ഛന്റെ നോട്ടം [1]അചഞ്ചലമായ ധർമ്മനിഷ്ഠയും അഗാധമായ ഈശ്വരഭക്തിയും [2]അനിഷേധ്യമായ ആധ്യാത്മികപ്രഭാവവും ആയിരുന്ന അദ്ദേഹത്തിന്റെ മഹോന്നത

---

1. അചഞ്ചലം = ഇളക്കമില്ലാത്ത

2. അനിഷേധ്യം = നിഷേധിക്കാനാവാത്ത

ഗുണങ്ങളും. ജനസമുദായത്തെ [1]ഈശ്വരോന്മുഖമായി തിരിച്ചുവിടുകയും സാമൂഹ്യമായ ഉയർച്ചതാഴ്ചകളോ പണ്ഡിതപാമരഭേദമോ ധനികദരിദ്രവ്യത്യാസമോ ക്രടാതെ, ആക്കും ഈശ്വരധ്യാനം ചെയ്ത് മനഃശുദ്ധിയും മഹത്വവും നേടാൻ സാധിക്കുമെന്നു് ആ [2]പരമഭാഗവതൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു. [3]ഭക്തിതന്തു കൊണ്ടു് ഹിന്ദുസമുദായത്തെ ബന്ധിച്ചു്, തമ്മിൽത്തല്ലും [4]പരാക്രമണാസക്തിയും അവസാനിപ്പിക്കണമെന്നു് അദ്ദേഹം അത്യന്തം അഭിലഷിച്ചു. ലൗകിക പ്രതാപൈശ്വര്യങ്ങളുടെ നശ്വരതയും ആത്മശുദ്ധിയുടെ ശ്രേഷ്ഠതയും പ്രഖ്യാപിക്കുന്ന ഒരു ഗാനധാര, ആ ഗന്ധർവന്റെ ഹൃദയാന്തർഭാഗത്തുനിന്നും ഉയർന്നു പൊങ്ങി, അന്തരീക്ഷമെങ്ങും അലതല്ലി മറിഞ്ഞു. ഇത്രമാത്രം ശാന്തഗംഭീരവും [5]അനിരോധ്യവുമായ ശബ്ദം കേരളം മുമ്പു കേട്ടിരുന്നില്ല. രാജാക്കന്മാരെയും സാധാരണ മനുഷ്യരെയും ആ ആഹ്വാ

---

1. ഈശ്വരോന്മുഖമായി = ഈശ്വരന്റെ നേക്കായി

2. പരമഭാഗവതൻ = പരമഭക്തൻ

3. ഭക്തിതന്തു = ഭക്തിയാകുന്ന നൂൽ

4. പരാക്രമണാസക്തി = അന്യരെ ആക്രമിക്കുന്നതിലുള്ള താല്പര്യം

5. അനിരോധ്യം = തടയാൻ വയ്യാത്തതു്

നം ഒരുപോലെ കലുക്കിയുണത്തി. [1]ലോകനിയന്താവായ ഈശ്വരൻ ആയിരുന്ന അദ്ദേഹത്തിന്റെ കൃതികളിലെ നായകൻ. ഭഗവൽപാദങ്ങളിൽ സ്വയം മറന്ന് അപ്പിച്ച [2]പൂജാകുസുമം ആണ് ഓരോ കൃതിയും. ആത്മാത്ഥതയുടെ പാരമ്യം പ്രതിഫലിപ്പിക്കുന്ന ആ [3]ദിവ്യ വികാരവാഹിനി പരന്നുപാഞ്ഞൊഴുകുന്നു ജനലക്ഷങ്ങൾ ആ പുണ്യതീർത്ഥത്തിലേയ്ക്ക് ഇരമ്പിക്കുതിക്കുകയായി.

ആധുനികസാഹിത്യത്തിന്റെ ഗുരുനാഥനും പ്രോദ്ഘാടകനുമായിരുന്ന എഴുത്തച്ഛൻ സ്വതന്ത്രകൃതികൾ കൊണ്ടല്ല [4]അക്ഷയകീർത്തിക്ക് അർഹനായിത്തീർന്നത്. ഹരിനാമകീർത്തനം, ചിന്താരത്നം, രാമായണം ഇരുപത്തിനാലുവൃത്തം, ദേവീമാഹാത്മ്യം, ഭാഗവതം, തുടങ്ങി പല കൃതികളും എഴുത്തച്ഛൻ രചിച്ചതായി വിശ്വസിക്കപ്പെട്ടുന്നെങ്കിലും അദ്ദേഹത്തിന്റെ [5]ശാശ്വതയശഃസ്തംഭങ്ങൾ

---

1. ലോകനിയന്താവ് = ലോകത്തെ നിയന്ത്രണം ചെയ്യുന്നവൻ (ഈശ്വരൻ)
2. പൂജാകുസുമം = പൂജയ്ക്കുവേണ്ടിയുള്ള പൂവ്
3. ദിവ്യവികാരവാഹിനി = ലൗകികമല്ലാത്ത വികാരം ആകുന്ന നദി
4. അക്ഷയകീർത്തി = ക്ഷയമില്ലാത്ത കീർത്തി
5. ശാശ്വതയശഃസ്തംഭങ്ങൾ = എന്നും നിലനിൽക്കുന്ന കീർത്തിയുടെ സ്മാരകം

ആദ്ധ്യാത്മരാമായണവും മഹാഭാരതം ആണു്. ആ ഗ്രന്ഥങ്ങൾ രണ്ടും വിവർത്തനങ്ങളാണെന്നതാണു്. പണ്ടത്തൊട്ടേയുള്ള പാട്ടു് എന്ന സാഹിത്യപ്രസ്ഥാനമാണു് അദ്ദേഹം അംഗീകരിച്ചതു്. മലയാളവും സംസ്കൃതവും കൂട്ടിയിണക്കിയ ഭാഷ എഴുത്തച്ഛന്റെ കാലത്തിനുമുമ്പുതന്നെ ഉണ്ടായിരുന്നതായി നാം കണ്ടുകഴിഞ്ഞു. രാമായണത്തിനും ഭാരതത്തിനും പരിഭാഷകൾ നിരണം കവിയായ രാമപ്പണിക്കർ നേരത്തേ നിർവഹിച്ചിരുന്നു. ഭക്തിയും ആദ്ധ്യാത്മിക ചിന്തയും സാഹിത്യത്തിൽകൂടി ആദ്യമായി പ്രകാശിപ്പിച്ചതും എഴുത്തച്ഛനല്ല. വസ്തുസ്ഥിതി ഇങ്ങനെയിരിക്കെ, എഴുത്തച്ഛനു് മുമ്പാക്കംതന്നെ കല്പിക്കാത്ത ഉന്നതസ്ഥാനം നൽകുന്നതിനു് എന്താണു് അടിസ്ഥാനം?

എഴുത്തച്ഛൻ മലയാളത്തിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത ഒരു നൂതനഭാഷാശൈലിയുടെ [1]ഉപജ്ഞാതാവാണു്. മലയാളപദങ്ങളും സംസ്കൃതപദങ്ങളും ഏതു് [2]അനുപാതത്തിൽ സങ്കലനം ചെയ്യാലാണു് [3]ഓജസ്സുറവും [4]ആശയാവിഷ്കരണക്ഷമവും ആയ ഒരു ഭാഷാ

---

1. ഉപജ്ഞാതാവു് = കണ്ടുപിടിച്ച ആൾ
2. അനുപാതം = തോതു്
3. ഓജസ്സുരം = ഓജസ്സു നൽകുന്നതു്
4. ആശയാവിഷ്കരണക്ഷമം = ആശയങ്ങൾ പുറപ്പെടുവിക്കാൻ കഴിവുള്ളതു്

ശൈലി സൃഷ്ടിക്കാൻ കഴിയുന്നതെന്നു് അദ്ദേഹം സൂക്ഷ്മമായി കണ്ടുപിടിച്ചു. അതുപോലെതന്നെ, മലയാളഭാഷയുടെ സ്വാതന്ത്ര്യത്തിനു ഭംഗംവരാതെ, എത്രത്തോളം സംസ്കൃതത്തെ [1]സ്വാംശീകരിക്കാമെന്നു് അദ്ദേഹം തീരുമാനിക്കുകയും ചെയ്തു. മണിപ്രവാളകർത്താക്കന്മാരുടെ സംസ്കൃതഭാഷാഭ്രമം അതിരു കടന്നതും മലയാളഭാഷയുടെ നിലനില്പിനും പുരോഗതിക്കും പ്രതിക്രിയവും ആയിരുന്നു. മലയാളപദങ്ങൾകൊണ്ടുമാത്രം പ്രൗഢഗംഭീരങ്ങളായ ആശയങ്ങൾ പ്രകാശിപ്പിക്കാൻ സാധ്യമായിരുന്നില്ലതാനും. അതിനാൽ ഉത്തമവും ഉചിതവുമായ ഒരു [2]മധ്യമസ്ഥാനം കണ്ടെത്തുകയാണു് ആശാസ്യമെന്നു് എഴുത്തച്ഛൻ നിശ്ചയിച്ചു. അപ്രകാരം അദ്ദേഹം സൃഷ്ടിച്ച ഭാഷാശൈലി ഇന്നും മലയാളത്തിൽ ആദരണീയമായിരിക്കുന്നു എന്നതാണു് എഴുത്തച്ഛന്റെ സ്ഥാനമാഹാത്മ്യത്തിനു ഒരു പ്രധാനകാരണം. സംസ്കൃതത്തിലെ ക്രിയകളും [3]വാക്യബന്ധക്രമവും വ്യാകരണനിയമങ്ങളും മലയാളത്തിൽനിന്നും പരിവർജ്ജിക്കേണ്ടതാണെന്നു് സ്വഭാഷാശൈലിമുഖേന അദ്ദേഹം ബുദ്ധിപൂർവ്വം

---

1 സ്വാംശീകരിക്കുക = തന്റെ അംശമാക്കിത്തീർക്കുക

2. മധ്യമസ്ഥാനം = രണ്ടിനും നടുക്കുള്ള സ്ഥാനം

3. വാക്യബന്ധക്രമം = വാക്യം ഘടിപ്പിക്കുന്ന രീതി

നിഷ്കർഷിച്ചതിനാൽ കേരളഭാഷയുടെ വ്യക്തിത്വത്തിനു് ഊനം തട്ടാതിരിക്കുവാൻ സൗകര്യം ഉണ്ടായി. മണിപ്രവാളകവികളുടെ പിഴച്ച സഞ്ചാരത്തിനു് അങ്ങനെ അറുതിവരികയും ചെയ്തു.

എഴുത്തച്ഛന്റെ പരിഭാഷാസമ്പ്രദായം [1]അദ്ഭുതപൂർവ്വമായ ഒന്നാണു്. മൂലകൃതിയിൽനിന്നും എതു ഭാഗങ്ങൾ വേണമെങ്കിലും അദ്ദേഹം ഉപേക്ഷിക്കും; ദീർഘവർണ്ണനകൾ വെട്ടിച്ചുരുക്കും; സ്വന്തമോ അന്യകൃതികളിൽനിന്നും സമ്പാദിച്ചതോ ആയ ആശയങ്ങളെ യുക്തമെന്നു തോന്നുന്നപക്ഷം, കൂട്ടിച്ചേർക്കും. കഥയുടെ മുമ്പോട്ടുള്ള പോക്കിനെ വിച്ഛിന്നപ്പെടുത്തുന്നതോ ഗണ്യമായ പ്രയോജനം ചെയ്യാത്തതോ ആയ എന്തും തള്ളിക്കളയാൻ അദ്ദേഹം മടിക്കുകയില്ല. ഒരുലക്ഷത്തിഇരുപതിനായിരം ശ്ലോകങ്ങളുള്ള മഹാഭാരതത്തിൽനിന്നും എതയെത്ര വർണ്ണനകളും വിവരണങ്ങളും ചർച്ചകളുമാണു് അദ്ദേഹം വലിച്ചെറിഞ്ഞിട്ടുള്ളതു്! എന്തിനെറ്റെറയുന്നു? ഭാരതത്തിലെ ചിന്താസാരസർവ്വസ്വമായ ഭഗവദ്ഗീതപോലും ഒരു കവിയുടെ ദൃഷ്ടിയിൽ [2]ത്യാജ്യമെന്നാണു് എഴുത്തച്ഛന്റെ വിശ്വാസം. രസപോഷകമായ സന്ദർഭങ്ങളിൽ

---

1. അദ്ഭുതപൂർവ്വം = മുമ്പു് ഉണ്ടായിട്ടില്ലാത്ത

2. ത്യാജ്യം = തൃജിക്കത്തക്കതു് (ഉപേക്ഷിക്കത്തക്കതു്)

മൂലഗ്രന്ഥം മുഷിപ്പനാണെന്നു കണ്ടാൽ തന്റെ കല്പനാശക്തി ഉപയോഗിച്ചു് നൂതനഭംഗികളും സൃഷ്ടിക്കാൻ അദ്ദേഹം [1]ബദ്ധശ്രദ്ധനാണു്. ഭക്തിപ്രകാശനത്തിനും ധർമ്മോദ്ബോധനത്തിനും തക്കം കിട്ടുന്ന രംഗങ്ങളിൽ താൻ ഒരു വിവർത്തകനാണെന്ന വിചാരമേ എഴുത്തച്ഛനില്ല. ഇങ്ങനെ അനന്യസാധാരണമായ ഒരു വിവർത്തനരീതിയാണു് രാമായണത്തിലും മഹാഭാരതത്തിലും അദ്ദേഹം കൈക്കൊണ്ടിട്ടുള്ളതു്.

എഴുത്തച്ഛനെപ്പോലെ വ്യക്തിപ്രഭാവമുള്ള ഒരു മഹാകവി മലയാളത്തിൽ മുമ്പുണ്ടായിട്ടില്ല. തനിക്കു പറയേണ്ട കാര്യങ്ങളും വർണ്ണിക്കേണ്ട വിഷയങ്ങളും വ്യഞ്ജിപ്പിക്കേണ്ട ഭാവങ്ങളും ഏറ്റവും വ്യക്തവും ശക്തവും യുക്തവുമായ ഭാഷയിലൂടെ വായനക്കാരന്റെ മനസ്സിൽ മുദ്രണം ചെയ്യുക എന്നതാണു് അദ്ദേഹത്തിന്റെ ലക്ഷ്യം. [2]അനായാസേന ലക്ഷ്യപ്രാപ്തി കൈവരുത്താനും അദ്ദേഹത്തിനു കഴിയുന്നു. താൻ ഉപയോഗിക്കുന്ന [3]വ്യസ്തപദ

---

1. ബദ്ധശ്രദ്ധൻ = അർപ്പിച്ച ശ്രദ്ധയോടുകൂടിയവൻ
2. അനായാസേന = ശ്രമംകൂടാതെ
3. വ്യസ്തപദങ്ങൾ = മാറ്റിവാക്കുകൾ

ങ്ങൾക്കും [1]സമസ്തപദങ്ങൾക്കും വാക്യഘടനാരീതിക്കും എത്രമാത്രം ആശയാവിഷ്കരണ ശക്തിയുണ്ടെന്നു് പൂർണ്ണ ബോധമുള്ള കവിയാണു് എഴുത്തച്ഛൻ. ചുരുക്കം ചില വാക്കുകൾകൊണ്ടു മനോഹരമായ വസ്തുക്കളുടെ ചിത്രങ്ങളും ഭാവങ്ങളുടെ അന്തരീക്ഷവും സൃഷ്ടിക്കാൻ സാധിക്കുന്നതു് ഈ ബോധം കൊണ്ടാണു്. അലങ്കാരത്തിനുവേണ്ടി അലങ്കാരം പ്രയോഗിച്ചു് അദ്ദേഹം കൃതാർത്ഥനാകുന്നില്ല. ഏറ്റവും ഉചിതമെന്നും പ്രയോജനകരമെന്നും തോന്നുന്ന ഭാഗങ്ങളിൽ മാത്രമേ എഴുത്തച്ഛൻ അലങ്കാരം പ്രയോഗിക്കുകയുള്ളൂ. ആ അലങ്കാരം അത്യന്തം സ്വാഭാവികവും [2]അയത്നലബ്ധവുമായിരിക്കുകയും ചെയ്യും. ജീവിത നിരീക്ഷകനായ ഒരു മഹാപുരുഷന്റെ അനുഭവങ്ങളിലൂടെ ആത്മാവിന്റെ അംശങ്ങളായിത്തീർന്നിട്ടുള്ള വിശ്വാസങ്ങളും സത്യങ്ങളുമാണു് എഴുത്തച്ഛൻപാട്ടുകളിലെ [3]ലോകോക്തികളിൽ നാം ദർശിക്കുന്നതു്. ഇങ്ങനെ സാഹിത്യവിദ്യയുടെ കാതലായ ധർമ്മങ്ങൾ ഗ്രഹിച്ചിട്ടുള്ള ആചാര്യനാണു് അദ്ധ്യാത്മരാമായണ കർത്താവു്. പക്ഷേ അദ്ദേഹ

---

1. സമസ്തപദങ്ങൾ = കൂട്ടിച്ചേർത്ത വാക്കുകളോടുകൂടിയ പദങ്ങൾ
2. അയത്നലബ്ധം = ശ്രമംകൂടാതെ ലഭിച്ചതു്
3. ലോകോക്തി = ലോകസ്വഭാവം സംബന്ധിച്ചുള്ള പ്രസ്താവം

ത്തിന്റെ കാവ്യകല നമ്മുടെ ഹൃദയത്തിന്റെ അഗാധത
ലങ്ങൾവരെ കടന്നുചെല്ലുന്നതു് സാഹിത്യഭംഗിയോടൊ
പ്പം സംഗീതത്തിന്റെ മന്ത്രശക്തിയും അതിൽ കൂടികൊ
ള്ളുന്നതുകൊണ്ടാണു്. ചില പൂർവ്വവൃത്തങ്ങളെ [1]സംസ്കൃ
രിച്ചു് അദ്ദേഹം പ്രചരിപ്പിച്ച കിളിപ്പാട്ടുപോലെ ഹൃദ
യത്തെ ഉണർത്തുകയും ഉയർത്തുകയും വിടർത്തുകയും ചെയ്യുന്ന
മറ്റൊരു വൃത്തം കേരളത്തിൽ ഉണ്ടായിട്ടില്ല. ആ വൃത്ത
ത്തിന്റെ രൂപത്തിനു് അനുഗുണമായ വിധത്തിൽ ശബ്ദ
ങ്ങളെ സംഘടിപ്പിച്ചു [2]സന്നിവേശംചെയ്തു് ഗാനത്തി
ന്റെ [3]പ്രബലസംസ്കാരങ്ങൾ ശ്രോതാവിന്റെ മനസ്സിൽ
എന്നെന്നും അവശേഷിപ്പിക്കുവാൻ എഴുത്തച്ഛനു തുല്യ
നായി എഴുത്തച്ഛൻ മാത്രമേയുള്ളൂ. ഇപ്രകാരം [4]അനന്യ
സുലഭമായ അദ്ഭുതസിദ്ധികൾകൊണ്ടു് അനുഗൃഹീത
നായ ആ സാഹിത്യനായകൻ കൈരളിക്കു് പ്രദാനം
ചെയ്ത ആത്മസ്ഥൈര്യവും ആത്മവീര്യവും നമുക്കെ

---

1. സംസ്കരിക്കുക = പരിഷ്കരിക്കുക (മിനുക്കിയെടുക്കുക)
2. സന്നിവേശംചെയ്യുക = നല്ലപോലെ അടുക്കിവയ്ക്കുക
3. പ്രബലസംസ്കാരങ്ങൾ = ശക്തിയുള്ള പാട്ടുകൾ അഥവാ മദ്ദളം
4. അനന്യസുലഭം = മറ്റൊങ്ങും എളുപ്പംകിട്ടാത്തതു

ങ്ങനെ മറക്കാൻകഴിയും? കേരളീയരുടെ ജീവിതത്തിൽ വിശ്രുധിയുടെയും ധർമ്മബോധത്തിന്റെയും പ്രകാശം ചൊരിഞ്ഞ ആ ഗുരുനാഥന്റെ നാമം കേൾക്കുമ്പോൾ, ഇന്നാട്ടിൽ പിറന്ന ആരാണു് [1] പുളകം അണിയാത്തതു്!

ചോദ്യങ്ങൾ

1. എഴുത്തച്ഛനു കേരളഭാഷാസാഹിത്യത്തിലുള്ള സ്ഥാനം നിർണ്ണയിക്കുക.
2. എഴുത്തച്ഛന്റെ കൃതികളുടെ മുഖ്യസ്വഭാവങ്ങൾ വിവരിക്കുക.

---

1. പുളകം = രോമാഞ്ചം.

VI

അങ്കക്കലിയേറിത്തുള്ളുമോരോ–
ശിങ്കക്കരുത്തെഴും വീരന്മാരും
നാടിൻെറമാനം കെടാതിരിപ്പാൻ
ചൂട്ടുള്ളചോരയൊഴുക്കിയോരും
ഓണക്കളിക്കു പടനടത്തി
ആണത്തംകാണിക്കും ചേരിക്കാരും
പോർനിലംതന്നിലണിനിരന്നു
വീറോടടരാട്ടും സേനകളും
ചെമ്മേവിളങ്ങും ചരിതംപാടി
സമ്മോദമമ്മയുമന്നുനേടി.

സംഗീതത്തിൽ ചാലിച്ചെടുത്ത സാഹിത്യമാണ് എഴുത്തച്ഛൻെറ കാലംവരെ കേരളീയർ ആസ്വദിച്ചുതു്. രാമചരിതകത്താവും നിരണംകവികളും ചെറുശ്ശേരിയുമെല്ലാം അവക്കു മുമ്പുണ്ടായിരുന്ന ഗാനസാഹിത്യത്തെ വളത്തി ഉയത്തിയവർ ആയിരുന്നു. 1ഗാനഗന്ധർവനായ എഴുത്തച്ഛൻ തൻെറ പഞ്ചവർണ്ണക്കിളിയെക്കൊണ്ടു പഞ്ചമം പാടിച്ചപ്പോൾ, കൈരളി മുമ്പെങ്ങുമില്ലാത്ത

---

1. ഗാനഗന്ധവ്ൻ = പാട്ടുനകാരൃത്തിൽ ഗന്ധവ്നു സമൻ (ഗന്ധവ്ന്മാർ ദേവഗായകന്മാരാണെന്നു് പ്രസിദ്ധി)

വിധം [1]ധന്യ ധന്യയായി പാട്ട് എന്ന പ്രസ്ഥാനത്തിൽ നിന്നും വേർപെട്ടനിന്നു; സംസ്കൃതവൃത്തങ്ങളിൽ മണിപ്രവാളകാവ്യങ്ങൾ എഴുതിയ ചമ്പൂകാരന്മാരും സന്ദേശകാവ്യകർത്താക്കളും മറ്റും അസാമാന്യമായ ശബ്ദഭംഗിയും ശയ്യാസൗഷ്ഠവവും അവരുടെ കൃതികളിൽ സൃഷ്ടിച്ചിരുന്നതിനാൽ ഗാനപാരമ്പര്യമുള്ള കേരളീയരെ ആ ഗ്രന്ഥങ്ങളും രസിപ്പിക്കുകതന്നെചെയ്തു.

ഇങ്ങനെ സംഗീതമയമായ അന്തരീക്ഷത്തിൽ വികാസംപൂണ്ട മലയാളസാഹിത്യത്തിന്റെ അടിത്തറയും ഗാനാത്മകമായിരുന്നു എന്നു് മുമ്പു് ഒരദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. കേരളീയ ജനതയുടെ ജീവിതത്തോടു് അലിഞ്ഞുചേർന്ന നൂറായിരം പാട്ടുകൾ നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലുമെല്ലാം പണ്ടേ പാടിവരുന്നു. കുടുംബത്തിൽ നായകന്മാരും നായികമാരുമായിരുന്നു് മരിച്ചുപോയ പ്രശസ്തവ്യക്തികളെയും നാട്ടിലെങ്ങും പേരെടുത്തു് അന്തരിച്ചു കഴിഞ്ഞ മഹതികളെയും മഹാന്മാരെയും കാളി, ശാസ്താവു്, നാഗരാജാവു് തുടങ്ങിയ [2]ഉപാസനാമൂർത്തികളെയും സ്തുതിക്കുന്ന പാട്ടുകൾ പണ്ടുതൊട്ടേ പാടിപ്പാടിപ്പുകഴ്ത്തു് ഇന്നും പ്രചരിക്കുന്നുണ്ടു്. പല

---

1. ധന്യധന്യ = ഏറ്റവും ചരിതാർത്ഥ

2. ഉപാസനാമൂർത്തി = ആരാധനാ വിഗ്രഹം

തൊഴിലുകളിലും ഏർപ്പെട്ടിരുന്ന ഓരോ വർഗ്ഗത്തിനും പാടാൻ, തൊഴിലിനോട് ബന്ധപ്പെട്ട പാട്ടുകൾ ഉണ്ടായിരുന്നു. ശ്രുതിമേ വിനോദംമാത്രം ഉദ്ദേശിച്ചു് രചിക്കപ്പെട്ടിട്ടുള്ള പാട്ടുകളും വളരെയുണ്ടു്. [1]സ്മരണീയങ്ങളായ സാമൂഹ്യസംഭവങ്ങൾ പലതും പാട്ടുകൾക്കു് വിളനിലങ്ങളായിരുന്നു. പഴയകാലത്തെ കേരളീയരുടെ ഉയർച്ചയും ഉട്ടുപ്പും കളിയും കളിയും ആചാരങ്ങളും വിശ്വാസങ്ങളും ഉപജീവനമാർഗ്ഗങ്ങളും പരസ്പരബന്ധങ്ങളുമെല്ലാം തെളിച്ചുകാട്ടുന്ന കണ്ണാടികളാണു് ഈ നാടോടിപ്പാട്ടുകൾ. ഈ ഗാനങ്ങളെക്കാൾ സാഹിത്യഗുണമേറുന്ന രാമചരിതം, നിരണംകൃതികൾ, കൃഷ്ണഗാഥ, എഴുത്തച്ഛൻ പാട്ടുകൾ, ചമ്പുക്കൾ, സന്ദേശകാവ്യങ്ങൾ എന്നീ കൃതികളിലൊന്നും ദേശീയജീവിതം ഇത്രമാത്രം പ്രത്യക്ഷമായും അധികയും പ്രതിഫലിച്ചിട്ടില്ല. തീയാട്ടുപാട്ടു്, കളംപാട്ടു്, ഞാറുപാട്ടു്, വട്ടിപ്പാട്ടു്, പുള്ളുവർപാട്ടു്, പുലയർപാട്ടു്, പാണർപാട്ടു്, കുറവർപാട്ടു്, വേലർപാട്ടു്, മലയർപാട്ടു്, മണ്ണാർപാട്ടു്, മാപ്പിളപ്പാട്ടു്, കാണിപ്പാട്ടു്, തോറ്റംപാട്ടു്, ശാസ്താംപാട്ടു്, വള്ളുപ്പാട്ടു്, കല്യാണപ്പാട്ടു്, കോലടിപ്പാട്ടു്, വൈവർകളിപ്പാട്ടു്, തുമ്പിപ്പാട്ടു്, അടച്ചൂതുറപ്പാട്ടു്, പല വില്ലടിച്ചാൻപാട്ടുകൾ, ഉലകുടൈപെരുമാൾപാട്ടു്, തുടങ്ങി നിരവധിഗാന

---

1. സ്മരണീയം = ഓർമ്മിക്കത്തക്ക

ങ്ങളും ഉണ്ടായിട്ടുള്ളവയെല്ലാം ഇന്നു നമുക്കു് കിട്ടുന്നില്ല. പല ഗാനങ്ങളും കാലപ്രവാഹത്തിൽ ഒഴുകി മറഞ്ഞു പോയിട്ടുണ്ടു്. കിട്ടിയിട്ടുള്ള നാടോടിപ്പാട്ടുകളുംതന്നെ ഒട്ടുമുക്കാലും [1]അജ്ഞാതകർതൃകങ്ങളാണു്. അവ ഏതേതുകാലത്താണു് രചിച്ചിട്ടുള്ളതെന്നും പറയാൻ നിവൃത്തിയില്ല. ഇന്നു നമ്മുടെ കൈയ്യിൽ വന്നുചേർന്നിട്ടുള്ള പാട്ടുകളും അവയുടെ ആദിമരൂപങ്ങളിൽ ഉള്ളവയാണോ എന്നും നിശ്ചയിക്കാൻ മാർഗ്ഗം കാണുന്നില്ല. തലമുറതലമുറയായി ആളുകളും പാടിപ്പാടിവന്നതിനിടയ്ക്കു്, പാട്ടുകാരുടെ മനോധർമ്മവും അശ്രദ്ധയും ഈ പാട്ടുകളിൽ എത്രയെത്ര മാറ്റങ്ങളുംക്കും കലർപ്പുകളുംക്കും ചോർച്ചകളുംക്കും ഇടവരുത്തിയിരിക്കണം! എഴുതി സൂക്ഷിക്കുന്ന പതിവില്ലാതിരുന്നതുകൊണ്ടു് മൂലരൂപം എന്തെന്നറിയാൻ സാധ്യമേ അല്ലതാനും. ചുരുക്കിപ്പറഞ്ഞാൽ, ഇന്നു കാണുന്ന പാട്ടുകളിലൊന്നുപോലും ഒരാൾ എഴുതിയതല്ല; ഒരു ജനസമൂഹം സൃഷ്ടിച്ചതാണു്; ഒരു ജനസമൂഹം കൈകാര്യം ചെയ്തതാണു്.

ഈ ഗാനധാര എഴുത്തച്ഛനു വളരെ മുമ്പേ—പല നൂറ്റാണ്ടുകളുംക്കുമുമ്പേ ആരംഭിച്ചു; അദ്ദേഹത്തിന്റെ

---

1. അജ്ഞാതകർതൃത്വം = അറിയപ്പെടാത്ത കർത്താവിനാൽ നിർമ്മിക്കപ്പെട്ടതു്

കാലം കഴിഞ്ഞിട്ടും [1]അനസ്യൂതമായി ഒഴുകിക്കൊണ്ടിരുന്നു. പതിനാറാംനൂറ്റാണ്ടിന്റെ [2]അന്ത്യപാദംവരെ ജീവിച്ചിരുന്ന എഴുത്തച്ഛന്റെ കാലത്തോ അതിനടുത്തോ ഉണ്ടായ ഒരു [3]ഗാനസമുച്ചയം പ്രത്യേകം പരിഗണനാർഹിക്കുന്നു. 'വടക്കൻപാട്ടുകൾ' എന്ന പേരിൽ പ്രഖ്യാതമാണ് ആ [4]ഗാനമഞ്ജരി. ഉത്തരകേരളത്തിലെ കടത്തനാട്ടിലും സമീപപ്രദേശങ്ങളിലും പരിലസിച്ചിരുന്ന [5]അപ്രതിമവിക്രമന്മാരായ പല ധീരയോദ്ധാക്കളുടെയും [6]അപദാനങ്ങളാണ് ഈ പാട്ടുകളിലെ പ്രതിപാദ്യങ്ങൾ. കേരളത്തിന്റെ പ്രത്യേകസമ്പത്തായ കളരിപ്പയറ്റും യുദ്ധമുറകളും ഇവയിൽ വർണ്ണിച്ചിരിക്കുന്നു.

---

1. അനസ്യൂതം = ഇടവിടാതെ
2. അന്ത്യപാദം = അവസാനകാലം (ഒരു ശതകത്തെ നാലായി വിഭജിച്ച് ഓരോന്നിനേയും ഓരോ പാദമായി പറഞ്ഞുവരാറുണ്ട്. അതനുസരിച്ച് ഒരു നൂറ്റാണ്ടിലെ ഒടുവിലത്തെ ഇരുപത്തഞ്ചു വർഷം എന്നർത്ഥം)
3. ഗാനസമുച്ചയം = ഗാനങ്ങളുടെ കൂട്ടം
4. ഗാനമഞ്ജരി = പാട്ടുകളുടെ പൂങ്കുല (പാട്ടുകളുടെ കൂട്ടം എന്ന താൽപര്യം)
5. അപ്രതിമവിക്രമൻ = തുല്യമില്ലാത്ത വീര്യവും ഓജസ്സും ഉള്ളവൻ
6. അപദാനം = ശ്രേഷ്ഠകൃത്യം

തച്ചോളിമാണിക്കത്തുവീട്ട്, പുത്തൂരംവീട്ട്, എന്നീ രണ്ടു കുടുംബങ്ങളിലെ [1]മാനധനന്മാരായ പുരുഷകേസരികളുടെ ചരിത്രമാണ് മുഖ്യമായി പ്രതിപാദിച്ചിട്ടുള്ളത്. തച്ചോളി ഒതേനൻ, തച്ചോളിച്ചന്തു, ആരോമൽ ചേകവർ, ആരോമുണ്ണി, പാലാട്ടുകോമപ്പൻ, അരിങ്ങോടർ, കരുമ്പറമ്പിൽ കണ്ണൻ, പുത്തൂനാടൻ കേളു, തുടങ്ങിയ വീരപുരന്മാരും കടർമാലക്കൊങ്കി, ഈറ്റുമ്മണമ്മേൽ ഉണ്ണിയാർച്ച മുതലായ ധീരനായികമാരും അന്നത്തെ കേരളത്തിന്റെ അഭിമാനസ്തംഭങ്ങളായിരുന്നു. അവക്ക് സമുദായത്തിൽ കല്പിച്ചിരുന്ന പ്രാമാണ്യവും ആദരവും ഈ പാട്ടുകളിൽ തെളിഞ്ഞു വിളങ്ങുന്നുണ്ട്.

അന്യാദൃശമായ ധൈര്യവും ശൗര്യവും സാഹസികതപവും തികഞ്ഞ ആ [2]രണനിപുണന്മാരുടെ ചരിതങ്ങളടങ്ങിയ വടക്കൻപാട്ടുകളിൽ വീരാദ്ഭുതരസങ്ങളാണ് ഉടനീളം സ്ഫുരിക്കുന്നത്. തനി നാടോടിയായ ഭാഷ, [3]ആജ്ജവവും വൈശദ്യവും മുറ്റിനിൽക്കുന്ന ആഖ്യാനം, സംഗീതജ്ഞാനമില്ലാത്തവനും പാടാവുന്ന ഗാനരീതി,

---

1. മാനധനന്മാർ = അഭിമാനം ധനമായി കരുതുന്നവർ
2. രണനിപുണന്മാർ = യുദ്ധവീരന്മാർ
3. ആജ്ജവം = വക്രതയില്ലായ്മ (വളച്ചുകെട്ടിപ്പറയാതിരിക്കൽ)

എന്നിവ ഈ പാട്ടുകളുടെ വിശിഷ്ടലക്ഷണങ്ങളാണ്. വാക്കുകളും വാക്യങ്ങളും ആശയങ്ങളും എത്രയോ തവണ ആവർത്തിച്ചിരിക്കും. താളമൊപ്പിക്കുവാൻ പല ഭാഗങ്ങളും നീട്ടിയോ കുറുക്കിയോ പാട്ടുകാരൻ പൊല്പെടുത്തി വരും. ഒരു സാധാരണക്കാരന്റെ കണ്ണിനു് എത്തിപ്പിടിക്കാൻ കഴിയുന്ന കല്പനകൾ മാത്രമേ ഈ കൃതികളിൽ കാണുകയുള്ളൂ. പക്ഷേ അവ അത്യന്തം 1അകൃത്രിമസുന്ദരങ്ങളാണ്. ഒരു കഥ ആദ്യംതൊട്ട് അവസാനംവരെ ഒരംശവും വിടാതെ പറഞ്ഞുപോവുക എന്ന സമ്പ്രദായമാണ് ഏതു പാട്ടിലും ഉള്ളതു്. കഥയോ ആശയമോ പദമോ വാക്യമോ കല്പനയോ ഭാവമോ രാകിമിനുക്കി കാണിക്കാൻ ഈ പാട്ടുകളുടെ നിർമ്മാതാക്കൾ ശ്രമിക്കുന്നില്ല. എന്നിട്ടും നമ്മുടെ ഹൃദയത്തിൽ നേരിട്ടുകടന്നുവന്നു കുടിയുറപ്പിക്കാൻ അവയ്ക്കു ശേഷിയുണ്ട്.

വിലപിടിച്ച ഒട്ടുവളരെ ഗാനസാഹിത്യകൃതികൾ തെക്കൻനാടുകളിൽനിന്നു് നമുക്കു ലഭിച്ചിട്ടുണ്ട്. വില്ല്, കുടം, കോൽ എന്നീ ഉപകരണങ്ങളോടുകൂടി പാടാവുള്ള വില്ലടിച്ചാൻപാട്ടിനു് ദക്ഷിണകേരളത്തിൽ വലിയ പ്രചാരമാണുള്ളതു്. ദേവപ്രീതി വരുത്തുന്നതിനായി ചൊല്ലി

---

1. അകൃത്രിമസുന്ദരം = സ്വാഭാവികമായ മനോഹരിതയുള്ള

വന്ന ഈശ്വരസ്തുതികളാണ് ഈ ഗാനങ്ങളിൽ പല തും. ചരിത്രപരമായ സംഭവങ്ങളും തെക്കൻപാട്ടുകൾക്കു വിഷയങ്ങളായിത്തീർന്നിട്ടുണ്ട്. അവയിൽ കന്നടിയൻ പോരു്, അഞ്ചുതമ്പുരാൻപാട്ടു്, ഇരവിക്കുട്ടിപ്പിള്ള പ്പോരു് എന്നീ കഥാഖ്യാനങ്ങളും മികച്ച കൃതികളാണു്. പതിമൂന്നാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, വള്ളി യൂർ എന്ന സ്ഥലത്തു് ഒരു ഉപക്ഷേത്രവും കോട്ടയും പ ണിയിച്ചു്, അവിടെ രാജ്യഭാരം ആരംഭിച്ച കുലശേഖരൻ എന്ന പാണ്ഡ്യരാജാവും കാഞ്ചീപുരത്തിനു വടക്കുള്ള കന്നടിയൻ എന്ന രാജാവുംതമ്മിൽ നടത്തിയ യുദ്ധമാണു് കന്നടിയൻപോരിൽ വിവരിക്കുന്നതു്. ആ സമരത്തിൽ തിരുവിതാംകൂർരാജാവു് കുലശേഖരനെ സഹായിച്ച തായും പാട്ടിൽ പ്രസ്താവമുണ്ടു്. പതിനാറാംശതക ത്തിന്റെ ആരംഭത്തിൽ തിരുവിതാംകൂർ രാജകുടുംബത്തി ലുണ്ടായ [1]അന്തഃഛരിത്രത്തെ അധികരിച്ചു രചിച്ചിട്ടുള്ള ഒരു പാട്ടാണു് അഞ്ചുതമ്പുരാൻപാട്ടു്. തിരുവിതാം കൂർചരിത്രം പഠിക്കുന്നവർക്കു് വിലപ്പെട്ട ഒരു [2]നിധി കുംഭമാണു് പ്രസ്തുതഗ്രന്ഥം. ഈ പാട്ടുകളെക്കാൾ ഭാവസമ്പന്നവും [3]ഹൃദയസ്പൃക്കുമായ ഒരു ഗാനകാവ്യ

---

1. അന്തഃഛരിദ്രം = അകത്തുള്ള കലഹം (ഒരു വീട്ടിനുള്ളി ലോ നാട്ടിനകത്തോ ഉള്ളവർ തമ്മിലുള്ള കലഹം)
2. നിധികുംഭം = നിധി സൂക്ഷിച്ചുവച്ചിട്ടുള്ള കുടം
3. ഹൃദയസ്പൃക്കു് = ഹൃദയത്തെ സ്പർശിക്കുന്നതു്.

മാണു് 'ഇരവിക്കുട്ടിപ്പിള്ളപ്പോർ' എന്നു് ആരും സമ്മതിക്കും. 'കണിയാംകുളത്തുപോർ' എന്നുകൂടി പേരുണ്ടു് ഈ കൃതിക്കു്. മധുരയിലെ നായിക്കരാജവംശത്തിന്റെ നട്ടനായകമായിരുന്ന തിരുമലനായക്കർ ക്രിസ്തുവർഷം 1625-ാമാണ്ടു് തിരുവിതാംകൂർരാജാവായ രവിവമ്മകുലശേഖരനെ കീഴടക്കൻ ശ്രമിച്ചതും ആ ശ്രമത്തിൽ പരാജിതനായിട്ടും [1]ഭഗ്നാശനാകാതെ തന്റെ പ്രധാന സേനാപതിയായ രാമപ്പയ്യന്റെ നേതൃത്വത്തിൽ വീണ്ടും യുദ്ധോദ്യമം നടത്തിയതും തിരുവിതാംകൂർ രാജാവിന്റെ ഏഴു മന്ത്രിമാരിൽ പ്രമുഖനായ മാത്താണ്ഡൻ ഇരവിക്കുട്ടിപ്പിള്ള എന്ന യുവാവു് കണിയാംകുളം പോക്കളത്തിൽ വച്ചു് രാമയ്യന്റെ സൂശക്തവും അതിവിപുലവുമായ സൈന്യത്തോടെതിരിട്ടു് വെട്ടിമരിച്ചു വീരസ്വർഗ്ഗം പൂകുന്നതുമാണു് 'ഇരവിക്കുട്ടിപ്പിള്ളപ്പോരി'ലെ വർണ്ണ്യവിഷയം. പാടുന്നവന്റെയും കേൾക്കുന്നവന്റെയും കണ്ണുകളെ നനയ്ക്കുകയും ഹൃദയത്തെ അലിയിക്കുകയും ചെയ്യുന്ന സന്ദർഭങ്ങൾ കൊണ്ടു് ഈ കാവ്യം അലംകൃതമാണു്. ഇരവിക്കുട്ടി മാതാവിനോടും ഭാര്യയോടും വിടവാങ്ങി [2]സംഗ്രാമഭൂമിയിലേയ്ക്കു തിരിക്കുന്ന രംഗം

---

1. ഭഗ്നാശൻ = ആശ നശിച്ചവൻ.

2. സംഗ്രാമഭൂമി = യുദ്ധഭൂമി

[1] പുളകത്തോടുകൂടിയല്ലാതെ വായിക്കാൻ കഴിയുക യില്ല.

മേൽക്കണിച്ച ഗാനകാവ്യങ്ങൾക്കുപുറമേ, പുരുഷാ ദേവിയമ്മപ്പാട്ട്, ഉലകുടപെരുമാൾപ്പാട്ട്, പഞ്ചവൻ കാട്ടുനീലിയുടെപാട്ട് തുടങ്ങിയ കൃതികളും തെക്കൻ തിരു വിതാംകൂറിൽ പ്രചരിക്കുന്നുണ്ട്. പതിനെട്ടാംനൂറ്റാ ണ്ടിൽ ഉണ്ടായ കുഞ്ചുത്തമ്പികഥ, ദിവാൻവെറ്റി, ധർമ്മ രാജാവിന്റെ രാമേശ്വരയാത്ര എന്നീ പാട്ടുകളും [2]ഗണ നാഹ്നങ്ങളാണ്. ആ പാട്ടുകളും ഉൾപ്പെടെ തെക്കൻ തിരു വിതാംകൂറിൽ ഉണ്ടായിട്ടുള്ള ഗാനകാവ്യങ്ങളിലെ ഭാഷ, പാണ്ടിത്തമിഴിലെ [3]പ്രാകൃതപ്രയോഗങ്ങൾ അധികം കലർന്ന മലയാണ്മയാണ്. പതിനേഴാംനൂറ്റാണ്ടിലും പതിനെട്ടാംനൂറ്റാണ്ടിലും മലയാളത്തിനു് ഒരു സ്വതന്ത്ര ഭാഷയുടെ സവ്വലക്ഷണങ്ങളും തികഞ്ഞിരുന്നെങ്കിലും തെക്കൻകേരളം പാണ്ടിനാടുമായി ഗാഢസമ്പർക്കം പുല ത്തിയിരുന്നതുകൊണ്ടാണ് അവിടെയുണ്ടായ പാട്ടുക ളിൽ അക്കാലത്തും തമിഴിന്റെ സ്വാധീനശക്തി കടന്നു കൂടിയത്.

---

1. പുളകം = രോമാഞ്ചം
2. ഗണനാർഹം = കണക്കിൽകൊള്ളിക്കാവുന്ന (ശ്രദ്ധിക്ക ത്തക്കതായ; പ്രധാനമായ)
3. പ്രാകൃതം = അപരിഷ്കൃതം

നാം ഇതുവരെ പ്രസ്താവിച്ച വടക്കൻപാട്ടുകളിൽ നിന്നും തെക്കൻപാട്ടുകളിൽനിന്നും അത്യന്തം വിഭിന്നമായി, എഴുത്തച്ഛന്റെ കിളിപ്പാട്ട് എന്ന നൂതന ഗാനരീതിയെ അവലംബിച്ചും, മിക്കവാറും പുരാണകഥകളെ അധികരിച്ചും, പല ഭാഷാഗാനങ്ങളും പതിനേഴും പതിനെട്ടും ശതകങ്ങളിൽ ഉദ്ഭവിക്കുകയുണ്ടായി. എഴുത്തച്ഛന്റെ ശിഷ്യപരമ്പരയിൽപ്പെട്ട കരുണാകരൻ, ദേവൻ, ഗോപാലൻ, സൂര്യനാരായണൻ, എന്നിവർ ചില കിളിപ്പാട്ടുകൾ എഴുതിയിട്ടുണ്ടെന്നാണ് പ്രസിദ്ധി. അവരുടെ കൃതികൾക്കു പുറമേ, അനേകം കിളിപ്പാട്ടുകൾ അക്കാലത്തു വിരചിതമായി. നാഗാനന്ദം, കൃഷ്ണലീല, രാമാശ്വമേധം, ഭാരതം സംക്ഷേപം, ശ്രീരാമസപ്താരോഹണം, ഏകാദശിമാഹാത്മ്യം, പുത്രകാമേഷ്ടി, ഹരിക്ഷമാസസമരോത്സവം, പടപ്പാട്ട്, മാമാങ്കോദ്ധാരണം, ഇത്യാദി കിളിപ്പാട്ടുകളുടെ എണ്ണം വളരെയുണ്ട്. കിളിപ്പാട്ടിൽനിന്നും ഭിന്നമായ ഭാഷാവൃത്തങ്ങളും ഉപയോഗിച്ചും അന്നു് പലരും കഥാരചന നടത്തിയിരുന്നു. പക്ഷേ ഈ പാട്ടുകളിലെല്ലാം സാഹിത്യഗുണം തുലോം പരിമിതമാണ്. കഥാകഥനം മാത്രമല്ല അന്നു കവികൾ നിർവ്വഹിച്ചതു്. പല ദേവന്മാരെയും ദേവിമാരെയും ആധാരമാക്കി നിരവധി സങ്കീർത്തനങ്ങളും അവരുടെ തൂലികകളിൽനിന്നും പുറപ്പെട്ടു.

അന്നത്തെ ഭാഷാഗാനങ്ങളിൽ പ്രത്യേകം പരാമർശിക്കപ്പെടേണ്ട ചിലകൃതികളുമാത്രം ഒന്നെടുത്തു പറയാം. വൈരാഗ്യ ചന്ദ്രോദയം, പാതാള രാമായണം, ബാണയുദ്ധം, ഭീഷ്മോപദേശം, മോക്ഷദായകം, പടസ്തുതി തുടങ്ങിയ കൃതികളും നിമ്മിച്ച കോട്ടയം കേരളവർമ്മയുടെ ഏറ്റവും മികച്ച സാഹിത്യസംഭാവനയാണു് 'വാല്മീകിരാമായണ'ത്തിന്റെ പരിഭാഷ. [1]അവക്രവും [2]പ്രസന്നവുമായ ഭാഷാശൈലിയിലൂടെയാണു് [3]ബൃഹത്തും മഹത്തുമായ ആദികാവ്യത്തെ ഈദ്ദേഹം വിവർത്തനംചെയ്തതു്. രാമചരിതം, നിരണംകൃതികളും, എന്നിവ വാല്മീകിരാമായണത്തിന്റെ സൂക്ഷ്മമായ വിവർത്തനങ്ങളല്ല. എഴുത്തച്ഛൻ വാത്മീകിരാമായണത്തെയല്ല, അദ്ധ്യാത്മരാമായണത്തെയാണു് പരിഭാഷപ്പെടുത്തിയതു്. കേരളവർമ്മയാണു് ആദ്യമായി ആ

---

1. അവക്രം = വളവില്ലാത്ത

2. പ്രസന്നം = പ്രസാദത്തോടുകൂടിയ (കവിതയുടെ ഒരു ഗുണമാണു് പ്രസാദം. വായിക്കുന്നവരുടെ മനസ്സിൽ പെട്ടെന്നു വ്യാപിക്കാൻ കഴിവുള്ള രീതിയിൽ ആശയങ്ങൾ പ്രതിപാദിക്കുന്ന കവിതയെ പ്രസാദഗുണമുള്ള കവിത എന്നു പറയും)

3. ബൃഹത്തു് = വലുതു്

ആയാസസമ്പൂർണ്ണമായ കൃത്യത്തിൽ ഏർപ്പെട്ടതും മിക്ക വാറും വിജയം പ്രാപിച്ചതും. ചരിത്രപരമായ പ്രതിപാദ്യങ്ങൾകൊണ്ട് പ്രാധാന്യം അർഹിക്കുന്ന രണ്ടു മൂന്നു കൃതികൾകൂടി ഇവിടെ സ്മരിക്കേണ്ടതായിട്ടുണ്ട്. കണ്ടിയൂർ, മറവം, എന്നീ സ്ഥലങ്ങളിലെ ഓണപ്പട്ടയെ വർണ്ണിക്കുന്നതും ചെമ്പുകാട്ടു നീലകണ്ഠൻ എന്ന ഒരാൾ നിർമ്മിച്ചതുമാണ് 'ഹരിക്ഷമാസസമരോത്സവം' കിളിപ്പാട്ട്. പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ ആദ്യപാദത്തിൽ കൊച്ചിയിൽ ഉണ്ടായ രാഷ്ട്രീയ സംഭവങ്ങൾ 'പടപ്പാട്ട്' എന്ന ഗ്രന്ഥത്തിൽ വിസ്തരിച്ചു പറഞ്ഞിരിക്കുന്നു. സാധാരണഭാഷയിൽ നിർമ്മിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ കർത്താവ് 1ദേശചരിത്രനിഷ്ണാതനും സമരസംബന്ധമായ കാര്യങ്ങൾ വിശദമായി ഗ്രഹിച്ചിട്ടുള്ളവനും ആണെന്നു നിസ്സംശയം തീരുമാനിക്കാം. ദേശീയപ്രാധാന്യം ഉണ്ടായിരുന്ന മാമാങ്കം എന്ന ആഘോഷം ക്ഷയിച്ചുകഴിഞ്ഞതിൽപ്പിന്നീട്, അതിനെ 2പുനരുജ്ജീവിപ്പിക്കാൻ ക്രിസ്താബ്ദം 1695-ാമാണ്ട് കോഴിക്കോട്ടസാമൂതിരി സന്നദ്ധനായ കഥയാണ്, കാട

---

1. ദേശചരിത്രനിഷ്ണാതൻ = ദേശചരിത്രത്തിൽ സമർത്ഥൻ (ദേശചരിത്രം നല്ലപോലെ അറിയാവുന്നവൻ)

2. പുനരുജ്ജീവിപ്പിക്കുക = വീണ്ടും ജീവിപ്പിക്കുക

ഞ്ചേരി നമ്പൂതിരി എഴുതിയ 'മാമാങ്കോദ്ധാരണം' കിളിപ്പാട്ടിലെ വിഷയം. ഇങ്ങനെ പതിനേഴാംശതകത്തിലെ സാമൂഹ്യവും രാഷ്ട്രീയവുമായ അവസ്ഥകളെ പ്രതിബിംബിപ്പിക്കുന്ന ഈ മൂന്നുകാവ്യങ്ങളും സാഹിത്യാസ്വാദകനെക്കാൾ ചരിത്രാന്വേഷകനെ ആയിരിക്കും കൂടുതൽ ആകർഷിക്കുക.

ചോദ്യങ്ങൾ

1. നാടോടിപ്പാട്ടുകളുടെ സ്വഭാവങ്ങൾ എന്തെല്ലാം?

2. രണ്ടുമൂന്നു തെക്കൻപാട്ടുകളുടെ പേരുകൾ പറഞ്ഞ് അവയിലെ വിഷയങ്ങളെ വിവരിക്കുക.

3. കേരളോല്പത്തിയുടെ മുഖ്യകൃതി ഏതു്? അതിന്റെ പ്രാധാന്യം വെളിപ്പെടുത്തുക.

Printed at the P. K. Memorial Press, Trivandrum.

അഭിപ്രായങ്ങൾ

"ബാലഹൃദയങ്ങളിൽ സഹജമായ അത്ഭുതവും ജിജ്ഞാസയും വളർത്തി, അവരുടെ വിജ്ഞാന സംസ്കാരങ്ങളെ വികസിപ്പിച്ചു കൊണ്ടുവരുവാൻ പര്യാപ്തമായ രീതിയിലും ഭാഷയിലും രചിച്ചിട്ടുള്ള ഈ ഗ്രന്ഥങ്ങൾ നമ്മുടെ സാഹിത്യത്തിന്റെ അനർഘമായ സമ്പത്താണ്."

മഹാകവി, ജി. ശങ്കരക്കുറുപ്പ്

★ ★ ★ ★

"വളർന്നുവരുന്ന പൗരന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട വിവിധ വിഷയങ്ങളെക്കുറിച്ചു ലളിതവും സുഗമവുമായ ശൈലിയിൽ എഴുതിയിട്ടുള്ള ഈ ഗ്രന്ഥപരമ്പര അധ്യാപകന്മാർക്കും അധ്യേതാക്കൾക്കും ഒരുപോലെ അനുഗ്രഹമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

എൻ. ഗോപാലപ്പിള്ള എം. എ.
പ്രിൻസിപ്പൽ, രാജകീയ [illegible] കോളേജ്,
തിരുവനന്തപുരം

★ ★ ★ ★ ★

"ഈ ഗ്രന്ഥങ്ങളുടെ രചനയിൽ മദ്ധ്യോല്പത്തിലുമുള്ള വിദ്യാർത്ഥികളുടെ മനോവികാസം, താല്പര്യങ്ങൾ, ഭാഷാസ്വാധീനത മുതലായവയെല്ലാം ഔചിത്യപൂർവ്വം പരിഗണിച്ചിട്ടുള്ളതെന്നു കണ്ടപ്പോൾ എനിക്കു വലിയസന്തോഷം തോന്നി. ഭാഷയുടെ ശ്രേണീകരണത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ഉചിതജ്ഞത പ്രശംസാർഹം തന്നെ. ബാലസാഹിത്യഗ്രന്ഥങ്ങൾ രചിക്കുന്ന ഗ്രന്ഥകാരന്മാർ നിങ്ങളെ അനുകരിച്ചെങ്കിൽ!"

എം. രാമകൃഷ്ണൻനായർ എം. എ. എൽ. റ്റി.
മലയാളവകുപ്പധ്യക്ഷൻ, ട്രെയിനിംഗ് കോളേജ്,
തിരുവനന്തപുരം

The Mahatma Printing Works, Trivandrum.